മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

ഡിസംബർ 2003



പ. ബസ്സേലിയോസ് മാർത്തോമ്മാ
മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ



പ. ബസ്സേലിയോസ് മാർത്തോമ്മാ
മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ



വള്ളിക്കാട്ടു ബാവായുടെ
കബറിടം



പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവായുടെ
75-ാം ഓർമ്മപ്പെരുനാൾ, 2003 ഡിസം. 16, 17 തീയതികളിൽ
വാകത്താനം വള്ളിക്കാട്ട് ദയറായിൽ

# വായനക്കാരുടെ കത്തുകൾ

## "Should Dara Singh be executed".

This has reference to the article by H.G. Geevarghese Mar Osthathios in the Nov. 03 issue the "Malankara Sabha" under the caption "Should Dara Singh be executed".

In that, the statement "If Jesus Christ live today He is likely to forbid capital punishment", brings in a conundrum against clear statements on the subject in the Holy Bible.

Regarding capital punishment it reads: "If any one takes human life, he will be punished. I will punish with death any animal that takes a human life. Man was made like God, so whoever muders a man will himself be killed by his fellow man" (Gen. 9:5,6). This is what God said to Noah and his sons as a command to be followed by them and their decendants, later legally adopted also. Again: "Whoever hits a man and kills him is to be put to death" (Exod 21:12) This is what the Lord commanded. Moses to tell the Isrelites (Exod. 20:22) as the law to be followed. This is to protect the precious human life.

Let us see what Jesus Christ himslef says in this behalf. Quite clearly the Lord said: "Do not think that I have come to do away with the law of Moses and the teachings of the prophets. I have not come to do away with them but to make their teachings come true". (Matt. 5:17). They were teachings what God the Father commanded them. Jesus Christ is never against the will of His father in heaven. So can we ever imagine, as stated by His Grace Mar Osthathios that: "If Jesus Christ live today He is likely to forbid capital punishment"? This conundrum may kindly be clarified by His Grace Mar Osthathios through your esteemed columns which have published the article under reference.

Further, it is absolutely irrelevant to exhort that "Christian Churches also must say that the Supreme Court of India reduce the execution to life imprisonment." It is none of the Churches' business to prevail upon the judiciary of the land in its matters of judgement.

Yours Faithfully

**K.I. Issac, Bangalore**

## ഏഴെന്ന വിശുദ്ധ സംഖ്യ – പ്രതികരണം

നവംബർ ലക്കം മലങ്കര സഭയിൽ ശ്രീ. വി. കെ. തമ്പി കണ്ണംകോടിന്റെ 'ഏഴെന്ന വിശുദ്ധ സംഖ്യ' എന്ന ലേഖനത്തിന്റെ അടിസ്ഥാന ചിന്താധാര വിജ്ഞാനപ്രദമെങ്കിലും അതിൽ കടന്നുകൂടിയിട്ടുള്ളതും ഒളിഞ്ഞു കിടക്കുന്നതുമായ ചില തെറ്റുകൾ ചൂണ്ടിക്കാണിക്കുവാൻ വേണ്ടിയാണ് ഈ കത്തെഴുതുന്നത്. അനുവാചകരുടെ പ്രയോജനത്തിനുവേണ്ടി ഇത് മാസികയിൽ പ്രസിദ്ധീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

1) മിസ്രയീമിലെ അടിമത്വത്തിലായിരുന്ന യിസ്രായേൽമക്കൾ ഭൗമിക കനാനിൽ പ്രവേശിക്കുന്നതിന് പിന്നിട്ട ഏഴ് പടവുകളുടെ വെളിച്ചത്തിൽ, സ്വർഗ്ഗീയ കനാനിനെ ലക്ഷ്യമാക്കിയുള്ള പുതിയ യിസ്രായേൽ തുടരേണ്ടതായി പറഞ്ഞിരിക്കുന്ന ഏഴു കാര്യങ്ങൾ ക്രിസ്തീയ പ്രത്യാശയുടെ അടിസ്ഥാന വിശ്വാസ പാഠങ്ങൾ ആകയാൽ ലേഖകൻ അഭിനന്ദനങ്ങൾ അർഹിക്കുന്നു. എന്നാൽ അവിടെ മൂന്നാം ഖണ്ഡികയിൽ "കുമ്പസാരത്തിൽ കൂടി ചെങ്കടലാകുന്ന പാപ സമുദ്രം നീന്തിക്കടക്കണം" എന്നുള്ളത് 'മാമോദീസായിൽ കൂടി' എന്നായാൽ അടിസ്ഥാനപരമായി ശരിയായിരിക്കും. കുമ്പസാരം മാമോദീസായ്ക്ക് ശേഷമുള്ള അനുഭവമാണല്ലോ.

2) ലേഖനത്തിന്റെ നാലാം ഖണ്ഡികയിൽ "23-ാം സങ്കീർത്തനം മുതൽ 30-ാം സങ്കീർത്തനം വരെ ഉള്ള ഭാഗങ്ങളിൽ കുരിശിലെ ഏഴ് മൊഴികൾ മുന്നമെ രേഖപ്പെടുത്തിയിട്ടുണ്ട്" എന്ന പ്രസ്താവന ശരിയല്ല. ഈ സങ്കീർത്തനങ്ങളിൽ കുരിശിലെ മൊഴികൾ ഒന്നും തന്നെ ഇല്ല. മുന്നമെ രേഖപ്പെടുത്തിയിട്ടുള്ള മൊഴികൾ സങ്കീർത്തനം 22:1 ലും 31.5 ലുമാണ് ഉള്ളത്. എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത് (സങ്കീ. 22:1) "നിന്റെ കയ്യിൽ എന്റെ ആത്മാവിനെ ഭരമേല്പിക്കുന്നു" (സങ്കീ. 31:5) മറ്റുള്ള അഞ്ചു മൊഴികൾ ഒന്നും തന്നെ പഴയ നിയമത്തിൽ നിന്നും ഉള്ളവയല്ല.

3) ആറാം ഖണ്ഡികയിൽ "ബൈബിളിൽ ഏഴ് മറിയമാരുടെ പേര് പറഞ്ഞിരിക്കുന്നു" എന്നുള്ളതും തെറ്റാണ്. ആറ് മറിയമാരേ ഉള്ളു കന്യകമറിയം, മാർത്തയുടെയും ലാസറിന്റെയും സഹോദരി മറിയം, മഗ്ദലന മറിയം, യാക്കോബിന്റെ അമ്മ മറിയം, (മറ്റേ മറിയം, ക്ലെയോപ്പാവിന്റെ ഭാര്യ മറിയം എന്നും പറഞ്ഞിരിക്കുന്നു. മൂവരും ഒരാൾ തന്നെ) മർക്കോസിന്റെ അമ്മ മറിയം, റോമിലെ സഭയ്ക്കു വേണ്ടി അദ്ധ്വാനിച്ച മറിയം ഇവരാണ് ആറ് പേർ.

4) അപ്പവും വീഞ്ഞും കൊണ്ട് ആയിരങ്ങളെ പോഷിപ്പിച്ച സംഭവം ലേഖനത്തിൽ പരാമർശിച്ചിരിക്കുന്നത് ശരിയല്ല. അഞ്ചപ്പവും രണ്ടു മീനും എന്നത് ഏഴപ്പവും രണ്ടു മീനും എന്ന് വി. മർക്കോസ് പറഞ്ഞിട്ടില്ല. പൂർണ്ണതയുടെ സംഖ്യ കാണിക്കാൻ വേണ്ടി അങ്ങനെ ഉപയോഗിച്ചിട്ടില്ല. രണ്ടു സംഭവങ്ങളും യഥാക്രമം മർക്കോ. 6:37-44 ലും 8:1-8 ലും ചേർത്തിട്ടുണ്ട്. അഞ്ചപ്പം രണ്ടു മീനും നാല് സുവിശേഷങ്ങളിലും ഏഴപ്പവും കുറെ ചെറു മീനും മത്താ. 15:34-39 ലും കാണുന്നു. ഇവ രണ്ടും വ്യത്യസ്തങ്ങളായ രണ്ടു

ശേഷം 30-ാം പേജിൽ


# മലങ്കരസഭ

ലക്കം 12, പുസ്തകം 59

ഡിസംബർ 2003





## പത്രാധിപസമിതി

**പ്രസിഡന്റ്**
ഫീലിപ്പോസ് മാർ യൗസേബിയോസ്
Phone: (Off)0468 - 2222243, (Res)2325942

**വൈസ് പ്രസിഡന്റ്**
ഡോ. യൂഹാനോൻ മാർ മിലിത്തോസ്
ഫോൺ: 0487 - 2371039, 2371748 (Fax)

**ചീഫ് എഡിറ്റർ**
ഫാ.ഡോ. ജോൺ പണിക്കർ
ഫോൺ: 0481 - 2568083, 2566526

**അംഗങ്ങൾ**
ഫാ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. കെ.എം. ജോർജ്ജ്
ഫാ. ഡോ. ജേക്കബ് കുര്യൻ
ഫാ.ജോസഫ് സാമുവൽ കറുകയിൽ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
ഡോ. അലക്സാണ്ടർ കാരയ്ക്കൽ
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പോൾ മണലിൽ
കെ.വി. മാമ്മൻ

**മാനേജിംഗ് എഡിറ്റർ**
ഫാ.റ്റി.എ. ഇടയാടി
ഫോൺ: 04682 - 279348 (Res.)
Mob:-9447300908

**ഓഫീസ് മാനേജർ**
ഫാ. അലക്സി മാത്യൂസ്
ഫോൺ: 0481 - 2471910 (Res.)



## വരിസംഖ്യ

**2002 സെപ്റ്റംബർ മുതൽ**

| | | |
|---|---|---|
| **ഇന്ത്യയിൽ** | | |
| ഒറ്റപ്രതി | : | 7 രൂപ |
| ഒരുവർഷം | : | 75 രൂപ |
| 4 വർഷം | : | 300 രൂപ |
| 10 വർഷം | : | 750 രൂപ |
| **വിദേശത്തേക്ക്** | | |
| ഒരു വർഷം | : | 600 രൂപ |

*Cover Design & Type Setting:-*
M.S. Graphics, Devalokam.


# ഉൾത്തുടിപ്പുകൾ


**എഡിറ്റോറിയൽ**

4 ഭാരത സഭയുടെ പ്രകാശതാരം
- ഫാ. ഡോ. ജോൺ പണിക്കർ

5 **മഹാപുരോഹിത സന്ദേശം**

**കവിത**

10 ബസേലിയോസ് ഗീവർഗീസ് I
- എം. കെ. കോര, വാകത്താനം

**അനുഭവ സാക്ഷ്യം**

17 സത്യം ജയിച്ചു!
- എം. സി. വർഗീസ്, ആലുവ

**ലേഖനങ്ങൾ**

6 ജീവിതാനുഭവമാകുന്ന ക്രിസ്തുമസ്
- ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ

8 ആന്റണി ബ്ളൂം മെത്രാപ്പോലീത്താ പാശ്ചാത്യ ലോകത്ത്.......
- ഫാ. ഡോ. കെ. എം. ജോർജ്ജ്

9 പ്രകാശം നയിക്കട്ടെ
- ഫാ. റ്റി. എം. കുറിയാക്കോസ്, പത്തനാപുരം

12 പ. വാകത്താനത്തു ബാവായുടെ കബറിടം.......
- ഔഗേൻ റമ്പാൻ

21 NAMS-ന്റെ 35-ാം സമ്മേളനവും ശാന്തിഗ്രാമും.......
- ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ

34 സ്നേഹ സന്ദേശം: ദൈവകൃപയുടെ പത്ത് വർഷങ്ങൾ
- ഡി. വർഗീസ് കെ. കെ., നല്ലില

**സ്ഥിരം പംക്തികൾ**

ധ്യാനപംക്തി, ബൈബിൾ പദപ്രശ്നം, ബൈബിൾ പഠനം, ബാലസഭ, ബൈബിൾ കടങ്കഥകൾ, വാർത്തകൾ, സൺഡേസ്ക്കൂൾ വാർത്തകൾ.



**ദേവലോകം, കോട്ടയം - 686 038. ഫോൺ: 0481 - 2573234**
**e-mail: malankara@sancharnet.in**

എഡിറ്റോറിയൽ

# ഭാരത സഭയുടെ പ്രകാശതാരം

മലങ്കര ഓർത്തഡോക്സ് സഭയുടെ രണ്ടാമത്തെ കാതോലിക്കാ പ. ബസ്സേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവാ തിരുമേനി കാലം ചെയ്തിട്ട് 75 വർഷങ്ങൾ പിന്നിടുകയാണ്. പരിശുദ്ധ പിതാവിന്റെ ചരമ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ചുള്ള കർമ്മ പദ്ധതികൾ ഉദ്ഘാടനം ചെയ്യപ്പെടുന്ന ഈ സമയത്ത് മലങ്കര മക്കൾ ആത്മീയാനന്ദത്താൽ നിറയുന്നു.

കോട്ടയം വാകത്താനം, വള്ളിക്കാട്ടു കാരുച്ചിറ കുടുംബത്തിൽ 1870 ജനുവരി 13-നു ജനിച്ച പ. പിതാവ് ബാല്യം മുതൽ തന്നെ വിശുദ്ധ ജീവിതത്തിന്റെ ഉടമയായിരുന്നു. പ. പരുമലതിരുമേനിയുടെ വിശുദ്ധ ജീവിതം, കടവിൽ മാർ അത്താനാസ്യോസ് തിരുമേനിയുടെ പരിലാളനം, പരിശുദ്ധ വട്ടശ്ശേരി തിരുമേനി, കോനാട്ട് മൽപ്പാൻ എന്നിവരുടെ വാൽസല്യ പൂർവ്വമുള്ള ശിക്ഷണം, കല്ലാശ്ശേരിൽ പുന്നൂസ് റമ്പാന്റെ (പ. ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ) സഖിത്വം കുടുംബാംഗമായ കളപ്പുരക്കലച്ചന്റെ പ്രോത്സാഹനം തുടങ്ങി പലതും അദ്ദേഹത്തിന്റെ ആത്മീയ വളർച്ചയിലെ സ്വാധീനങ്ങളായിരുന്നു.

1886-ൽ ശെമ്മാശ്ശ പദവിയും 1896-ൽ വൈദീക പട്ടവും റമ്പാൻ സ്ഥാനവും സ്വീകരിച്ച പ. പിതാവ് ആലുവ തൃക്കുന്നത്ത് സെമിനാരിയുടെ മാനേജരായി ചുമതല വഹിച്ചുകൊണ്ട് സെമിനാരിയുടെ നിർമ്മാണ പ്രവർത്തനത്തിന് നേതൃത്വം നൽകി. 1908-ൽ ഇദംപ്രഥമമായി സഭാ പഞ്ചാംഗം പ്രസിദ്ധീകരിച്ചു; വി. വേദപുസ്തകം ഭാഷാന്തരം നടത്തുകയും സഭയ്ക്ക് ഒരു കുമ്പസാരക്രമം ഉണ്ടാക്കി ആദ്യമായി പ്രസിദ്ധീകരിക്കുകയും ചെയ്തു. 1913-ൽ മെത്രാപ്പോലീത്താ ആയശേഷം വിദ്യാഭ്യാസ സാമൂഹിക പുരോഗതിക്കായി ആഗ്രഹിക്കുകയും വിദ്യാലയങ്ങൾ ആരംഭിക്കുന്നതിന് നേതൃത്വം കൊടുക്കുകയും ചെയ്തു. 1925-ൽ അദ്ദേഹം കിഴക്കിന്റെ കാതോലിക്കാ ആയി വാഴിക്കപ്പെട്ടു. 1928 ഡിസംബർ 17-ന് പ. പിതാവ് സ്വർഗ്ഗീയ ഗണങ്ങളോട് ചേർക്കപ്പെട്ടു. ലളിത ജീവിതവും പ്രാർത്ഥനയും കൊണ്ട് നേടിയ ആത്മീയ ശക്തിയാൽ പ. സഭയെ നയിച്ച വന്ദ്യനായ ഇടയനിൽനിന്ന് സമൂഹം ദർശിച്ച ചില ശ്രേഷ്ഠ ഗുണങ്ങൾ ഇവിടെ കുറിക്കുന്നു.

**1) മലങ്കര സഭയുടെ സ്വാതന്ത്ര്യവും സത്യവിശ്വാസവും സംരക്ഷിച്ച പോരാളി:-**

നവീകരണ പ്രസ്ഥാനക്കാരുടെ നുഴഞ്ഞുകയറ്റവും അന്ത്യോഖ്യൻ അധികാര പ്രമത്തതയുടെ കടന്നാക്രമണവും മലങ്കര സഭയുടെ മേൽ ആധിപത്യം സ്ഥാപിക്കാൻ ശ്രമിച്ചപ്പോൾ അവയെ സധൈര്യം നേരിട്ട പ. പിതാവ് സത്യവിശ്വാസം നിലനിർത്തി. അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നുതന്നെ ആ സഭാ സ്നേഹം വ്യക്തമാകും; "പൗരസ്ത്യ കാതോലിക്കാ സിംഹാസനം നമുക്ക് എത്ര കണ്ട് അവകാശയോഗ്യവും അത്യാവശ്യപ്പെട്ടതുമാണ്. നമുക്ക് അനുഗ്രഹപ്രദമായി സിദ്ധിച്ചിരിക്കുന്ന ഈ സ്ഥാപനം നഷ്ടപ്പെടുന്ന പക്ഷം അതൊരു വലിയ നഷ്ടമെന്നേ പറയേണ്ടതുള്ളു.. ആയതിനാൽ അത് ബലപ്പെടുത്തിയും സ്ഥിരപ്പെടുത്തിയും കൊണ്ടുപോകേണ്ടത് നമ്മുടെ കടമയും അവകാശവുമത്രേ." ഇന്ന് നാം ഈ ആഹ്വാനത്തെ എങ്ങനെയാണ് സ്വീകരിച്ചിരിക്കുന്നത്?

**2) അച്ചടക്കമുള്ള വിശുദ്ധ ജീവിതം:-**

കാലഘട്ടത്തിന്റെ ചൈതന്യം നിറഞ്ഞുനിൽക്കുന്ന തിരുമേനിയുടെ ഡയറിക്കുറിപ്പുകൾതന്നെ ഇതിന് മികച്ച സാക്ഷ്യമാണ്. ഈശ്വര സൃഷ്ടിയിൽ അപ്രധാനമായി ഒന്നുമില്ലെന്ന ചിന്തയിൽ എല്ലാവരെയും ഒരുപോലെ സ്നേഹിക്കുന്ന പ്രകൃതം; ദയറാ ജീവിതത്തിന്റെ നന്മ-തിന്മകൾ ഉൾക്കൊണ്ട മാനസീക ഒരുക്കം; ഏത് പ്രയാസത്തിലും നോമ്പ്, ഉപവാസം, പ്രാർത്ഥന എന്നിവയുടെ അനുഷ്ഠാനത്തിന് ഭംഗം വരുത്തുകയില്ല എന്ന കർക്കശമനോഭാവം; പരിത്യാഗമാണ് അധികാരത്തിന്റെ അടിസ്ഥാനമെന്ന ചിന്തയുടെ പ്രായോഗികത; ഇങ്ങനെ തിരുമേനിയിൽ ദർശിക്കാവുന്ന പല ഗുണങ്ങളും നമുക്കു വെല്ലുവിളിയല്ലേ?

**3) വരവുചെലവു കണക്കുകളിൽ സുതാര്യത:-**

തികഞ്ഞ സാമ്പത്തിക അച്ചടക്കം പ. തിരുമേനിക്ക് നിർബന്ധമായിരുന്നുവെന്ന് അദ്ദേഹത്തിന്റെ ഡയറിക്കുറിപ്പുകൾ വ്യക്തമാക്കുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടത്തിയ എല്ലാ പ്രസ്ഥാനങ്ങ ▶



# മഹാപുരോഹിത സന്ദേശം



വാത്സല്യ മക്കളേ,

പലകാര്യങ്ങൾ നമുക്ക് നിങ്ങളോട് അറിയിക്കുവാനുണ്ട്. ഡിസംബർ ക്രിസ്മസ്സ് മാസമാണ്. മാനവജാതിക്കു പാപത്തിൽ നിന്നുള്ള വിടുതലും രക്ഷയും വാഗ്ദാനം ചെയ്തുകൊണ്ട് വചനമാം ദൈവം മനുഷ്യനായ മഹാസംഭവത്തിന്റെ സജീവമായ അനുസ്മരണ. ആദാമിന്റെ പാപം മൂലം വീണുപോയ മനുഷ്യവർഗ്ഗം സർപ്പത്തിന്റെ തലയെ ചതയ്ക്കുന്ന സ്ത്രീയുടെ സന്തതിയുടെ വരവിനുവേണ്ടി തലമുറകളായി നോക്കിപ്പാർത്തിരുന്നു. കാലത്തികവിൽ അത്ഭുതകരമായ മനുഷ്യാവതാരം പലരുടേയും പ്രതീക്ഷയ്ക്കതീതമായ വിധത്തിൽ സംഭവിച്ചു. പ്രവാചകൻമാരും പിതാക്കൻമാരും മശിഹായുടെ വരവിന് വേണ്ടി കാത്തിരുന്ന അനുഭവത്തെ അനുസ്മരിക്കുന്ന നോമ്പാചരണത്തോടെയാണ് നാം ക്രിസ്മസിനെ സ്വീകരിക്കുന്നത്. തന്റെ ഏകജാതനായ പുത്രനെ ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി ലോകത്തിലേക്കയച്ച പിതാവാം ദൈവത്തിന്റെ സ്നേഹത്തിനുള്ള നന്ദി പ്രകടനം കൂടിയാണ് നമ്മുടെ നോമ്പാചരണം.

ക്രിസ്മസ്സ് മാസം സമാധാനത്തിന്റെ മാസമാണ്. സന്മനസ്സുള്ളവർ സന്തോഷിക്കുകയും ആനന്ദാശ്രുക്കൾ പൊഴിക്കുകയും ചെയ്യുന്ന ഈ കാലയളവിൽ സന്മനസ്സില്ലാത്തവർ സമാധാനത്തെ അപഹരിച്ചു കളയുവാൻ വട്ടം കൂട്ടി പരക്കം പായുന്നത് സങ്കടകരമാണ്. നിർമ്മല ഹൃദയമുള്ള ആട്ടിടയന്മാരും വക്രതയുള്ള ഹേരോദാവും നമ്മുടെ മുൻപിൽ നിൽക്കുന്നു. ഇവരിൽ ആരെയാണ് നാം തെരഞ്ഞെടുക്കേണ്ടത്? മനുഷ്യാവതാരത്തിന്റെ സന്ദേശങ്ങളായ സന്തോഷവും സമാധാനവും സ്വീകരിപ്പാൻ തക്ക വിശുദ്ധിയും വിനയവും ഉള്ളവരായിരിപ്പാനും പാപത്തിൽ നിന്ന് ഒഴിഞ്ഞിരിപ്പാനും ക്രിസ്തുവിനെ ഹൃദയത്തിൽ കർത്താവായി സ്വീകരിപ്പാനും ക്രിസ്മസ്സ് ആഹ്വാനം ചെയ്യുന്നു. ഈ ആഹ്വാനം സ്വീകരിച്ചുകൊണ്ട് പുതുവർഷത്തിലേക്ക് നമുക്ക് പ്രവേശിക്കാം.

ഡിസംബർ 18 മുതൽ 21 വരെയുള്ള തീയതികളിൽ ഭാരതത്തിന്റെ അപ്പോസ്തോലനായ പരിശുദ്ധ മാർത്തോമ്മാ ശ്ലീഹാ കുന്തമേറ്റ് രക്തസാക്ഷി ആയതിന്റെ ദുഖ്റോനൊ ദിനങ്ങളാണ്. കർത്താവിന്റെ സഭയെ ഭാരതത്തിൽ നട്ടുവളർത്തി രക്തസാക്ഷിയായി മഹത്വീകരണം പ്രാപിച്ച പരിശുദ്ധ ശ്ലീഹായുടെ ഓർമ്മ അഭിമാനവും ജീവിതാനുഭവവും ആകണം. "അവനോടു കൂടി മരിക്കേണ്ടതിന് നാമും പോക" (യോഹ. 11:6) എന്ന് പ്രഖ്യാപിച്ച ശ്ലീഹായുടെ പാത നാമും സ്വീകരിക്കണം.

പ. ഗീവറുഗീസ് പ്രഥമൻ ബാവാ തിരുമേനിയുടെ ചരമ പ്ലാറ്റിനം ജൂബിലി, പ. ഔഗേൻ ബാവാ തിരുമേനിയുടേയും മറ്റു പല പിതാക്കന്മാരുടെയും ഓർമ്മപ്പെരുന്നാളുകൾ തുടങ്ങിയവ ഡിസംബർ മാസത്തിലാണ്. തീവ്രമായ വ്രതാനുഷ്ഠാനങ്ങളിലും പ്രാർത്ഥനയിലും ജീവിതകാലം കഴിച്ച് മഹത്വത്തിൽ പ്രവേശിച്ചിരിക്കുന്ന പൂർവ്വ പിതാക്കന്മാരുടെ ഓർമ്മ എല്ലാ മലങ്കര മക്കൾക്കും ആശ്വാസമാകണം. യഹോവയുടെ ആലയത്തിൽ വസിച്ചുകൊണ്ട് യഹോവയുടെ മനോഹരത്വം ദർശിച്ച പിതാക്കന്മാരുടെ ജീവിതം നമുക്കേവർക്കും മാതൃകയാവണം (തിരുജനനത്തിന്റേയും പുതുവൽസരത്തിന്റേയും ആശംസകൾ). നമ്മുടെ പൂർവ്വപിതാക്കൻമാരുടെ മധ്യസ്ഥത ഏവർക്കും വേണ്ടി ബലഹീനനായ നാം യാചിക്കുന്നു.

▶ ളുടെയും വരവുചെലവു കണക്കുകൾ കൃത്യമായി സഭയെ അറിയിക്കുന്നതിൽ ശ്രദ്ധിച്ചിരുന്നു. സഭയുടെ സ്വത്തിനെക്കുറിച്ചുള്ള ചിന്ത അദ്ദേഹത്തിനുണ്ടായിരുന്നു. എല്ലാ രംഗങ്ങളിലും സാമ്പത്തിക സുതാര്യത നഷ്ടമായിക്കൊണ്ടിരിക്കുന്ന ഈ കാലയളവിൽ പ. പിതാവിന്റെ ഓർമ്മ നമുക്കൊരു വെല്ലുവിളിയോ?

പ. ഗീവർഗീസ് പ്രഥമൻ ബാവാ തിരുമേനി മലങ്കര സഭയുടെ പ്രകാശതാരമാണ്. ആ പുണ്യപിതാവിന്റെ ജീവിതം തെളിച്ചു നൽകിയ ആത്മീയ വെളിച്ചം മലങ്കര ആകമാനം സ്ഥിരമായി പ്രകാശിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. എല്ലാ മാന്യവായനക്കാർക്കും ക്രിസ്മസിന്റേയും പുതുവൽസരത്തിന്റെയും ആശംസകൾ!

- പണിക്കരെച്ചൻ

ഫാ. ഡോ. കെ. എം. ജോർജ്ജ്

# ആന്റണി ബ്ളൂം മെത്രാപ്പോലീത്താ: പാശ്ചാത്യ ലോകത്ത് ഒരു പൗരസ്ത്യ ക്രിസ്തീയ സാക്ഷ്യം

കഴിഞ്ഞ ഓഗസ്റ്റ് മാസത്തിൽ ലണ്ടനിൽ നിര്യാതനായ റഷ്യൻ ഓർത്തഡോക്സ് മെത്രാപ്പോലീത്താ ആന്റണി ബ്ളൂം (Anthony of Sourozh 1914-2003) അനേകായിരങ്ങൾക്ക് പ്രിയങ്കരനായ ഇടയനും ആത്മികോപദേഷ്ടാവുമായിരുന്നു. ഇരുപതാം നൂറ്റാണ്ടിൽ യൂറോപ്പിൽ പൗരസ്ത്യ ഓർത്തഡോക്സ് ആദ്ധ്യാത്മികതയുടെ ശബ്ദവും നല്ല മാതൃകയുമായി അദ്ദേഹം കരുതപ്പെട്ടിരുന്നു.

റഷ്യൻ മാതാപിതാക്കൾക്ക് സ്വിറ്റ്സർലണ്ടിൽ ജനിച്ച ആന്ദ്രേ (ആന്റണി എന്നത് പിൽക്കാലത്ത് സ്വീകരിച്ച സന്യാസപ്പേരാണ്) പാരീസിലെ സോൾബോൺ സർവ്വകലാശാലയിലും മറ്റും മെഡിക്കൽ വിദ്യാഭ്യാസം നടത്തി ഡോക്ടറായി. വിദ്യാർത്ഥിയായിരുന്നപ്പോൾ ക്രിസ്തുവിനോടുള്ള വ്യക്തിപരമായ ബന്ധത്തെ ജ്വലിപ്പിക്കുന്ന ചില മാനസാന്താരാനുഭവങ്ങളുണ്ടായി. രണ്ടാം ലോകയുദ്ധസമയത്ത് ഫ്രഞ്ച് സേനയിൽ ഡോക്ടറായി സേവനമനുഷ്ഠിച്ചു. ആത്മാന്വേഷകനായിരുന്ന യുവ ഡോക്ടർ ഈ സമയത്ത് രഹസ്യമായി സന്യാസ വ്രതമെടുത്തു. 1943-ൽ പരസ്യമായി സന്യാസമെടുത്ത് സന്യാസ പ്രസ്ഥാനത്തിന്റെ ആദ്യപിതാവായ വിശുദ്ധ അന്തോനിയോസിന്റെ പേര് സ്വീകരിച്ചു.

1948-ൽ വൈദികനായി പട്ടമേറ്റു. 1957-ൽ ബിഷപ്പായ ആന്റണി 1966-ൽ റഷ്യൻ സഭയുടെ ബ്രിട്ടണിലെ സഭയുടെ പ്രധാന ഇടയനായി അവരോധിക്കപ്പെട്ടു.

ഭദ്രാസനഭരണത്തിന്റെ നൂലാമാലകളിൽ കുരുങ്ങിക്കിടക്കാതെ, അദ്ദേഹം തന്റെ സമയം മുഴുവനും ജനങ്ങൾക്ക് ആത്മീക മാർഗ്ഗനിർദ്ദേശവും ആശ്വാസവും നൽകുന്നതിനാണ് ശ്രമിച്ചത് സോവിയറ്റ് കമ്യൂണിസ്റ്റ് ഭരണകാലത്ത്, ആന്റണി മെത്രാപ്പോലീത്താ ബി.ബി.സി. റേഡിയോയിലൂടെ നടത്തിക്കൊണ്ടിരുന്ന പ്രസംഗങ്ങളും ആദ്ധ്യാത്മിക ജീവിതത്തെക്കുറിച്ചുള്ള പ്രബോധനങ്ങളും റഷ്യയിൽ പീഡിപ്പിക്കപ്പെട്ടിരുന്ന ഓർത്തഡോക്സ് വിശ്വാസികൾക്ക് അമൃതവർഷമായിരുന്നു. ആരെയും ഓർത്തഡോക്സ് സഭയിൽ ചേർക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നില്ലെങ്കിലും, അദ്ദേഹത്തിന്റെ ജീവിതമാതൃകയും പ്രബോധനങ്ങളും നേരിട്ടറിഞ്ഞ് ബ്രിട്ടനിലും പശ്ചിമയൂറോപ്പിലും നൂറു കണക്കിനാളുകൾ സഭയിൽ ചേർന്നു. പണത്തോടും വർണ്ണശബളിമയാർന്ന എപ്പിസ്ക്കോപ്പൽ വേഷവിധാനങ്ങളോടും വിരക്തി കാണിച്ചിരുന്ന ഈ മെത്രാൻ വിശ്വാസികൾക്ക് ഒരു സവിശേഷാനുഭവമായിരുന്നു. പരുമല തിരുമേനി, പാമ്പാടി തിരുമേനി തുടങ്ങിയ മലങ്കരസഭയിലെ അനേകം പിതാക്കന്മാർ സന്യാസജീവിതത്തിന് അനുപേക്ഷണീയമായ, തപോനിഷ്ഠമായ ലളിതജീവിതം നിലനിർത്തിക്കൊണ്ടു തന്നെ ഇടയശുശ്രൂഷ നിർവ്വഹിച്ചതുപോലെ, ഇംഗ്ലണ്ടിൽ ഇരുപതാം നൂറ്റാണ്ടിൽ പൗരസ്ത്യ പാരമ്പര്യത്തിന്റെ തെളിഞ്ഞ അടയാളമായിരുന്നു ആന്റണി മെത്രാപ്പോലീത്താ.

പ്രാർത്ഥനയെക്കുറിച്ചും ആദ്ധ്യാത്മിക ജീവിതത്തെക്കുറിച്ചും അദ്ദേഹം എഴുതിയ പുസ്തകങ്ങൾ വലിയ ഉൾക്കാഴ്ചയും പ്രചോദനവും നൽകുന്നവയാണ്.

മെത്രാനായി വാഴിക്കപ്പെട്ട അവസരത്തിൽ അദ്ദേഹം നടത്തിയ പ്രസംഗത്തിൽ, "ദൈവത്തെ സ്വീകരിപ്പാൻ തക്ക ബലഹീനത (Weakness that is receptive of God) എനിക്കു തരണമേ എന്ന് കർത്താവിനോട് പ്രാർത്ഥിക്കുവാനാണ് സഹമെത്രാന്മാരോട് ആവശ്യപ്പെട്ടത്. ദൈവസ്നേഹവും ദൈവത്തിന്റെ താഴ്മയും തിരിച്ചറിയാൻ നമ്മുടെ ബലഹീനതയും അവസാനത്തോളമുള്ള വിശ്വസ്തമായ അനുസരണവും നമുക്കാവശ്യമാണെന്ന് അദ്ദേഹം പഠിപ്പിച്ചു.

ബിഷപ്പ് ആന്റണിയുടെ അടുക്കൽ കുമ്പസാരിക്കയും ആത്മീയോപദേശം തേടുകയും ചെയ്ത ആയിരങ്ങൾ അദ്ദേഹത്തിൽ വിളങ്ങിയിരുന്ന ദിവ്യചൈതന്യത്തെ സാക്ഷിക്കുന്നു. "ചെറുപ്പക്കാരുടെ കണ്ണുകളിൽ അഗ്നിയുണ്ട്. പ്രായമാകുമ്പോൾ അത് നമ്മുടെ കണ്ണുകളിൽ പ്രകാശമായി മാറണം" എന്ന വിക്ടർ യൂഗോവിന്റെ വാക്കുകളുപയോഗിച്ച് ഉപദേശിച്ച ഈ ഇടയന്റെ കണ്ണുകളിൽ ആർദ്രമായ ദൈവസ്നേഹത്തിന്റെ വെളിച്ചം തെളിഞ്ഞിരുന്നു.

കാന്റർബറി ആർച്ച്ബിഷപ്പ് റോവൻ വില്യംസ് നൽകിയ അനുസ്മരണ സന്ദേശത്തിൽ, ആന്റണി മെത്രാപ്പോലീത്തായുടെ നിരവധി മൊഴികൾ പലരും ഹൃദിസ്ഥമാക്കി. അനുദിന ധ്യാനത്തിന് ഉപയോഗിക്കുന്നതായി പറഞ്ഞു. ആർച്ച് ബിഷപ്പിന് ഏറ്റം ഇഷ്ടപ്പെട്ട ഒരു വചനം ഉദ്ധരിച്ചത് ഇങ്ങനെയാണ്. "മറ്റുള്ളവരുടെ ആത്മീയപരിപാലനം ഏറ്റെടുക്കുന്ന ഏതൊരാളും തന്റെ സ്വന്തം ആത്മാവിനെ ചന്തസ്ഥലമാക്കി മാറ്റുന്നു. ആന്റണി മെത്രാപ്പോലീത്താ കഴിഞ്ഞ 50 വർഷങ്ങളായി തന്റെ ആത്മാവിനെ എല്ലാവർക്കും വേണ്ടി ചന്തസ്ഥലമാക്കി. ആ സേവനത്തിന് അദ്ദേഹം കൊടുക്കേണ്ടിവന്ന വലിയ വില, തൊട്ടടുത്തവർ മാത്രമേ മനസ്സിലാക്കിയിട്ടുള്ളു".

ബിസന്റയിൽ ഓർത്തഡോക്സ് പാരമ്പര്യത്തിൽ വൈദികർ കൂദാശാവസരങ്ങളിൽ ധരിക്കുന്ന 'ഹയ്മനിഖാ' യുടെ അറ്റം, കുമ്പസാരത്തിനു വരുന്ന ആളിന്റെ തലയിൽ വച്ചുകൊണ്ടാണ് പാപപരിഹാരപ്രാർത്ഥന (ഹുസോയോ) നടത്തുന്നത്. (നമ്മുടെ പാരമ്പര്യത്തിലും, കുമ്പസാരിപ്പിക്കുന്ന വൈദികൻ ഹയ്മനിഖാ ധരിക്കേണ്ടതാണെങ്കിലും

▶



▶

പലരും അത് ചെയ്യുന്നതായി കാണുന്നില്ല). നഷ്ടപ്പെട്ടുപോയ ആടിനെ തേടി കണ്ടുപിടിച്ച്, ഇടയൻ സ്വന്തം തോളിൽ വഹിക്കുന്നതിന്റെ പ്രതീകമായിട്ടാണ്, താൻ മാറിൽ ധരിച്ചിരിക്കുന്ന 'ഹയ്മനിഖാ'യുടെ അറ്റം അനുതപിക്കുന്ന ആളിന്റെ തലയിൽ വൈദികൻ വയ്ക്കുന്നത്. മെത്രാൻ സ്ഥാനാഭിഷേക ശുശ്രൂഷയിൽ ബിഷപ്പ് ആന്റണി ചെയ്ത പ്രസംഗത്തിൽ സ്വന്തം ജീവൻ നൽകി, ഇങ്ങനെ നഷ്ടപ്പെട്ടുപോയ ആടുകളെ തേടുന്ന ജോലിയാണ് ദൈവം തന്നെ ഏല്പിച്ചിരിക്കുന്നതെന്ന് പ്രസ്താവിച്ചു. പിൽക്കാല ജീവിതത്തിൽ ഭരണം നടത്താനും സ്ഥാപനങ്ങൾ പടുത്തുയർത്താനും അധികം സമയം കളയാതെ, യഥാർത്ഥമായ ഇടയജോലി അദ്ദേഹം നിർവ്വഹിച്ചു. അതുകൊണ്ട് ഓർത്തഡോക്സ് സഭയ്ക്ക് ബ്രിട്ടനിലും യൂറോപ്പിൽ പൊതുവെയും വലിയ സാക്ഷ്യം നിർവ്വഹിക്കാനായി.

'ഒരു മനുഷ്യന്റെയെങ്കിലും മുഖത്തോ കണ്ണുകളിലോ നിത്യ ജീവന്റെ തിളക്കം കാണാത്ത ഒരാൾക്ക് ഒരിക്കലും നിത്യതയെന്തെന്ന് അറിയാനാവില്ല' എന്ന് അദ്ദേഹം പറയുമായിരുന്നു. അദ്ദേഹത്തിന്റെ മുഖത്തും കണ്ണുകളിലും അത് കണ്ടവർ അനേകരാണ്. മനുഷ്യഹൃദയങ്ങളെ രൂപാന്തരപ്പെടുത്തുന്ന യഥാർത്ഥ ക്രിസ്തീയ സാക്ഷ്യമായിരുന്നു അത്.

"മാലാഖമാർ കാൽവയ്ക്കാൻ ഭയപ്പെടുന്നിടത്ത് വിഡ്ഢികൾ ഇടിച്ചു കയറുന്നു" എന്ന ഷേക്സ്പീയർ വചനം ക്രിസ്തീയ സഭകളിലും രാഷ്ട്രീയ സാമൂഹിക രംഗങ്ങളിലും ഇന്നും പ്രസക്തമാണ്. വൈദിക, മെത്രാൻസ്ഥാനങ്ങൾക്കുവേണ്ടിയും അധികാരക്കസേരകൾക്കുവേണ്ടിയും പലരും നടത്തുന്ന വിക്രിയകൾ കാണുമ്പോൾ, പ്രാർത്ഥനാപൂർവ്വമായ നിശ്ശബ്ദതയും സന്യാസ സേവനത്തിന്റെ അജ്ഞാതവാസവും" മാത്രം ആഗ്രഹിക്കയും സഭയുടെ നിർബ്ബന്ധപൂർവ്വമായ ആവശ്യത്തിന് വഴങ്ങി മനസ്സില്ലാമനസ്സോടെ സ്ഥാനങ്ങൾ സ്വീകരിക്കുകയും ചെയ്ത ആൻറണി ബ്ളൂം മെത്രാപ്പോലീത്താ യഥാർത്ഥ പൗരസ്ത്യ ക്രിസ്തയീയതയുടെ നല്ല സാക്ഷിയായി നമ്മുടെ കാലത്ത് ജീവിച്ചു. ❖



ഫാ. റ്റി. എം. കുറിയാക്കോസ്, പത്തനാപുരം

# പ്രകാശം നയിക്കട്ടെ

യേശു തന്റെ വിശ്വാസികളുടെ ഹൃദയത്തിൽ വെളിച്ചം പകരുന്നു എന്ന സത്യം അനുഭവസ്ഥരായ മനുഷ്യർ പറയുന്ന ഒരു യാഥാർത്ഥ്യമാണ്; ഈ അനുഭവം എല്ലാ സത്യക്രിസ്ത്യാനികൾക്കും അനുഭവപ്പെടാറുണ്ട്. പലപ്പോഴും യേശുവിന്റെ പ്രകാശം വഹിക്കുന്നവരും അതിലൂടെ നന്മയും ഐശ്വര്യവും നേടുന്നവരും തങ്ങളിലുള്ള യേശുവിന്റെ അംശം എന്ന പ്രകാശത്തെ വേണ്ടവണ്ണം അറിയുന്നില്ല. ഇപ്രകാരം സംഭവിക്കുന്നത്, തങ്ങളെ നന്മയിലേക്കും പുരോഗതിയിലേക്കും നയിക്കുന്ന ഈ സത്യ ദൈവത്തെ അവർ വേണ്ടവണ്ണം അറിയുന്നില്ല, സ്നേഹിക്കുന്നില്ല, പൂജിക്കുന്നില്ല എന്ന കാരണത്താലാണ്. യേശു താൻ ലോകത്തിന്റ പ്രകാശമാണ് എന്ന് പറഞ്ഞിരിക്കുന്നു; അവിടുന്നു ലോകത്തിനു പ്രകാശമായി നിലകൊള്ളുകയും ലോകത്തുള്ളവയെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു. അവിടുന്നു കൂടുതലായി പ്രകാശിപ്പിക്കുന്നതു തന്റെ ഇഷ്ട മക്കളായ മനുഷ്യരെ ആണ്.

യേശു സുവിശേഷം പ്രസംഗിച്ച നാട്ടിലും ദേശത്തൊക്കെയും വലിയൊരു പ്രകാശം ഉദിച്ചിട്ട്, മനുഷ്യന്റെ അജ്ഞാനാന്ധകാരവും മരണ നിഴലും മാഞ്ഞു പോയി (മത്താ. 4:15) സർവ്വലോകത്തേയും പ്രകാശിപ്പിക്കുവാൻ കഴിയുന്ന യേശുവിന്റെ പ്രകാശത്താൽ ഒരു വിവേകി പ്രകാശിക്കപ്പെടുന്നത്, അവൻ യേശുവിനോട്

**യേശു ലോകത്തിനു മുഴുവൻ പ്രകാശമായിരിക്കുമ്പോൾ ഒരു വിശ്വാസി തന്റെ അടുത്തുള്ളവർക്കും തന്നോടിടപെടുന്നവർക്കും പ്രകാശമായിരിക്കണം.**

**അന്ധകാരം പ്രകാശത്തിന് എതിരാണ് എന്നിരുന്നാലും ഇവ രണ്ടും പ്രവർത്തനം തുടങ്ങുന്നത് ഒരു ഹൃദയത്തിൽനിന്നു തന്നെയാണ്, ഉത്ഭവസ്ഥാനത്തു വച്ചുതന്നെ നിയന്ത്രണം ഉണ്ടായെങ്കിൽ മാത്രമേ ആ നിയന്ത്രണം ഫലവത്താകുകയുള്ളു.**

ചേർന്നും, യേശുവിനെ അറിഞ്ഞും, അവനിൽ വിശ്വസിച്ചും ജീവിക്കുന്നത് മുഖാന്തിരമാകുന്നു. ചിന്തയിലും അറിവിലും പ്രവർത്തന രംഗത്തും യേശുവിന്റെ ഇഷ്ടം ചെയ്യുന്നത് ഇങ്ങനെയുള്ളവരുടെ പ്രകാശമാകുന്നു. ഓരോ വിശ്വാസിയും യേശുവിന്റെ പ്രകാശം മറ്റുള്ളവരെ അറിയിക്കുന്നതിനു കടപ്പെട്ടവരാണ്. ഇതു സാദ്ധ്യമാകുന്നത് ഈ പ്രകാശത്തിന്റെ ഉടമകളാകുന്ന സത്യക്രിസ്ത്യാനികളുടെ മാതൃകാ ജീവിതം മുഖാന്തിരമാണ്. നിങ്ങളുടെ പ്രകാശം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ എന്ന യേശുവിന്റെ ആഗ്രഹമാണ് ഇത്. (മത്താ. 5:16) യേശു ലോകത്തിനു മുഴുവൻ പ്രകാശമായിരിക്കുമ്പോൾ ഒരു വിശ്വാസി തന്റെ അടുത്തുള്ളവർക്കും തന്നോടിടപെടുന്നവർക്കും പ്രകാശമായിരിക്കണം.

അന്ധകാരം പ്രകാശത്തിന് എതിരാണ് എന്നിരുന്നാലും ഇവ രണ്ടും പ്രവർത്തനം തുടങ്ങുന്നത് ഒരു ഹൃദയത്തിൽനിന്നു തന്നെയാണ്, ഉത്ഭവസ്ഥാനത്തു വച്ചുതന്നെ നിയന്ത്രണം ഉണ്ടായെങ്കിൽ മാത്രമേ ആ നിയന്ത്രണം ഫലവത്താകുകയുള്ളു. പ്രകാശം വളരമം അന്ധകാരം നിഹനിക്കപ്പെടണം. മിന്നുന്നതെല്ലാം പൊന്നല്ല എന്ന

# പ. വാകത്താനത്തു ബാവായുടെ കബറിടം കാതോലിക്കേറ്റിന്റെ നിധി

**ഔഗേൻ റമ്പാൻ, മാനേജർ വള്ളിക്കാട്ടു ദയറ**



ഏകദേശം രണ്ടര പതിറ്റാണ്ടു മുമ്പ്, കൃത്യമായി പറഞ്ഞാൽ 1978 ഡിസം. 17-ാം തീയതിയാണ് ഞാൻ ആദ്യമായി വള്ളിക്കാട്ടു ദയറായിൽ എത്തുന്നത്. ഞാൻ അന്ന് കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിലെ രണ്ടാം വർഷ വിദ്യാർത്ഥിയായിരുന്നു. പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ, ഓലകൊണ്ടു മറച്ച ഒരു താത്ക്കാലിക മദ്ബഹായിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കുന്നു. വി. കുർബ്ബാനയ്ക്കു ശേഷം പ. ബാവാതിരുമേനി, കാലം ചെയ്ത പിതാവിന്റെ ജീവിത വിശുദ്ധിയെക്കുറിച്ച് വളരെ ഹൃദയ സ്പർശിയായി പ്രസംഗിച്ചു. പക്ഷേ, അന്ന് എന്റെ ഹൃദയത്തിലേക്ക് ആ വാക്കുകൾ അത്ര ആഴത്തിൽ പതിഞ്ഞിരുന്നില്ല.

എന്നാൽ 1982-ൽ പ. മാത്യൂസ് പ്രഥമൻ ബാവായുടെ സെക്രട്ടറിയായി പ്രവർത്തിച്ചു വരവേ, എന്നെ വള്ളിക്കാട്ടു ദയറായിലേക്ക് നിയോഗിച്ചു. അന്ന് പ. ബാവാ എന്നോടു പറഞ്ഞു "അച്ചൻ പേടിക്കേണ്ട, ഒരു പരിശുദ്ധന്റെ അടുക്കലേക്കാണ് താൻ പോകുന്നത്. വള്ളിക്കാട്ടു പള്ളിയിൽ കബറടങ്ങിയിരിക്കുന്ന തിരുമേനിയെ ഞാൻ ഒരിക്കൽ തിരുവനന്തപുരം പള്ളിയിൽ വച്ച് കണ്ടിട്ടുണ്ട്. അന്ന് ആ മുഖത്തുനിന്നും സ്ഫുരിക്കുന്ന തേജസ്സ് ഇപ്പോഴും എന്റെ മനസ്സിലുണ്ട്. പരിശുദ്ധനായ പരുമലത്തിരുമേനിയെപ്പോലെതന്നെ വിശുദ്ധ ജീവിതം നയിച്ച ഒരു പിതാവാണ് അദ്ദേഹം." ദയറായുടെ ചുമതല ഏറ്റെടുത്തപ്പോൾ മുതലാണ് ഈ മഹാസ്ഥാപനത്തിന്റെമറ്റൊരു ഭാഷയിൽ പറഞ്ഞാൽ, ചാരം മൂടിക്കിടന്ന തീക്കട്ടയുടെ-ദിവ്യതേജസ്സ് എനിക്കു ബോധ്യപ്പെട്ടത്. ഈ അനുഭവത്തിന്റെ പശ്ചാത്തലത്തിലാണ് ഞാൻ ഈ കുറിപ്പ് തയ്യാറാക്കുന്നത്.

കോട്ടയം ജില്ലയിലെ വാകത്താനത്ത്, കാരുചിറ കുടുംബത്തിൽ 1870 ജനുവരി 13-ാം തീയതിയാണ് പ. ബാവാ ഭൂജാതനായത്. വാകത്താനം വലിയ പള്ളിയിൽ വച്ച് മാമോദീസാ നടത്തിയപ്പോൾ കുട്ടിക്ക് ഗീവർഗീസ് എന്ന് പേരു നൽകി. അന്ന് വിദ്യാഭ്യസത്തിനുള്ള സൗകര്യങ്ങൾ വാകത്താനത്തു കുറവായിരുന്നതിനാൽ കോട്ടയത്തുള്ള ബന്ധുവീടായ പടിഞ്ഞാറേക്കരയിൽ താമസിച്ചുകൊണ്ടാണ് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയത്. തുടർന്ന്, ബന്ധുവായ കളപ്പുരയ്ക്കലച്ചന്റെ ശിക്ഷണത്തിൽ ഗീവറുഗീസ് തന്റെ വൈദിക ജീവിതത്തിന്റെ ആദ്യ പാഠങ്ങൾ അഭ്യസിച്ചു. പിന്നീട്, അദ്ദേഹം പഴയസെമിനാരിയിൽ ചേർന്നു. സെമിനാരിയിൽ പ്രഗത്ഭ പണ്ഡിതനും മലങ്കര മെത്രാപ്പോലീത്തന്മാരുമായിരുന്ന, ഗീവർഗീസ് കത്തനാർ, കോനാട്ട് മാത്തൻ കത്തനാർ എന്നിവരുടെ കണ്ണിലുണ്ണിയായാണ്, സമർത്ഥനും കഠിനാദ്ധ്വാനിയുമായിരുന്ന ശെമ്മാശ്ശൻ, പഠനം പൂർത്തിയാക്കിയത്. കോനാട്ടു മല്പാൻ ഓട്ടുവിളക്ക് സമ്മാനം നൽകിയാണ് ശിഷ്യനെ സെമിനാരിയിൽ നിന്നും യാത്രയാക്കിയത്. ഇതിനിടയിൽ ഇംഗ്ലീഷിൽ ഉപരി പഠനം നടത്താനും സമയം കണ്ടെത്തി.

കടവിൽ പൗലൂസ് മാർ അത്താനാസ്യോസ് തിരുമേനിയിൽ നിന്ന് 1886 ജൂൺ 13-ന് കോറൂയോ പട്ടവും 1896 ഓഗസ്റ്റ് 16-ന് കശ്ശീശാ സ്ഥാനവും, ഓഗസ്റ്റ് 23-ന് റമ്പാൻ സ്ഥാനവും സ്വീകരിച്ചു. 1913-ൽ ചെങ്ങന്നൂർ പഴയ സുറിയാനിപ്പള്ളിയിൽ വച്ച് ഗീവറുഗീസ് മാർ പീലക്സീനോസ് എന്ന പേരിൽ മേല്പട്ട സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. 1925 ഏപ്രിൽ 30-ന് നിരണം പള്ളിയിൽ വച്ച് പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് പ. ബസ്സേലിയോസ് ഗീവറുഗീസ് പ്രഥമൻ എന്ന പേരിൽ അദ്ദേഹത്തെ പൗരസ്ത്യ കാതോലിക്കായായി വാഴിച്ചു. 1928 ഡിസംബർ 17-ാം തീയതി ഭൗതിക ജീവിതം പൂർത്തീകരിച്ച അദ്ദേഹം വള്ളിക്കാട്ടുദയറായിൽ അന്ത്യ വിശ്രമം കൊള്ളുന്നു.

58 വർഷങ്ങൾ കൊണ്ട് ഇഹലോക വാസം പൂർത്തീകരിച്ച അദ്ദേഹത്തിന്റെ ജീവിതം ദൈവത്തിനും സഭയ്ക്കും സമൂഹത്തിനും മാത്രം സമർപ്പിച്ചതായിരുന്നു. ഈയിടെ മാത്രം ലഭിച്ച പ. പിതാവിന്റെ ആത്മകഥാരൂപത്തിലുള്ള ബൃഹത്തായ ഡയറിക്കുറിപ്പുകൾ ഏതൊരു സഭാ സ്നേഹിയെയും അത്ഭുതപ്പെടുത്തും. മലങ്കര സഭയുടെ ചരിത്രത്തിലെ പല പ്രധാന സംഭവങ്ങളിലേക്കും ഈ കൃതി വെളിച്ചം വിതറുന്നു. മലങ്കര സഭാ ഭാസുരൻ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് തിരുമേനി 'കാതോലിക്കേറ്റിന്റെ നിധി'യെന്നു വിശേഷിപ്പിച്ച ഈ കബറിടം ഇന്ന് അനേകായിരങ്ങളുടെ സ്വാന്തന കേന്ദ്രമാണ്. ഈ പരിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്നവരാരും നിരാശരായി മടങ്ങുന്നില്ല.



പറഞ്ഞാൽ തീരാത്തവിധം ധാരാളം അനുഭവങ്ങൾ! എനിക്കു നേരിട്ടറിയാവുന്ന ഒന്നു രണ്ടെണ്ണം പങ്കു വയ്ക്കുന്നു. 1) വാകത്താനം പുതുവേലിൽ ജിജിമോൻ ക്യാൻസർ ബാധിച്ച് ആസന്നമരണനായി കോട്ടയം മെഡിക്കൽ കോളജ് ക്യാൻസർ വാർഡിൽ കിടക്കുന്നു. ഒരു ഞായറാഴ്ച എനിക്ക് ഫോൺ വന്നു. "വേഗം വരണം ജിജിമോൻ വളരെ അപകട നിലയിലാണ്" ഞാൻ ഉടനെ തന്നെ അവിടെയെത്തി. ചികിത്സിക്കുന്ന ഡോക്ടർ പറഞ്ഞു. "വേഗം വീട്ടിൽ കൊണ്ടുപൊയ്ക്കൊൾക". പരിശുദ്ധ ബാവായുടെ മധ്യസ്ഥതയിൽ നിരന്തരമായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. സന്ധ്യയോടുകൂടി ഒരു മൃതശരീരം കണക്കെ ജിജിമോനെ വീട്ടിലെത്തിച്ചു. രാത്രി പ. ബാവാതിരുമേനി പ്രത്യക്ഷപ്പെട്ടു. "നീ സുഖമാകും!" എന്ന് ജിജിമോനോടു പറഞ്ഞു. പിറ്റേ ദിവസം രാവിലെ മെഡിക്കൽ കോളജിൽ, തലേദിവസം കിടന്ന അതേ കിടക്കയിൽ കൊണ്ടുപോയി കിടത്തി. മരുന്നു കുത്തിവച്ചു. പിന്നീട് ദയറായിലേക്കു കൊണ്ടുവന്നു. പരിപൂർണ്ണ സൗഖ്യമാകുന്നതുവരെ ദയറായിൽ താമസിപ്പിച്ചു. ഇന്ന് ജിജിമോൻ പൂർണ്ണ ആരോഗ്യവാനായി കുടുംബ ജീവിതം നയിക്കുന്നു. ഈ സംഭവം വൈദ്യ ശാസ്ത്ര രംഗത്ത് പിന്നീട് വിവാദമായി.

> **ഒരു ഗ്രന്ഥകാരനെന്ന നിലയിൽ പ. ബാവായെ അനശ്വരനാക്കുന്ന കൃതികളാണ് 'സഭാ ജീവിത നാൾ വഴി' എന്നു വിശേഷിപ്പിക്കാവുന്ന ഡയറിക്കുറിപ്പ്, 'ഒരു കൊളംബോ യാത്രാവിവരണം'' 'സഭാ പഞ്ചാംഗം' എന്നിവ. ഒരിക്കൽ വെള്ളിക്കുരിശ് പണിയുവാൻ അനുവാദം തേടിയ നാലുന്നാക്കൽ പള്ളിക്കാരോട്, വെള്ളിക്കുരിശല്ല, പള്ളിക്കൂടം പണിയാനാണ് പ. ബാവാ കല്പിച്ചത്. ഈ മഹദ്ദർശനത്തിന്റെ സൂര്യശോഭ അദ്ദേഹത്തിന്റെ കൃതികളിൽ നിറഞ്ഞു നില്ക്കുന്നു.**

ആലപ്പുഴ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി ഇടവകയിൽപ്പെട്ട മാവേലിൽ അലക്സാണ്ടറും കുടുംബവും പ. ബാവായുടെ മധ്യസ്ഥതയിൽ വിശ്വസിച്ച് കബറിങ്കൽ വന്ന് പ്രാർത്ഥിക്കുമായിരുന്നു. അലക്സാണ്ടറുടെ ഭാര്യ സാറാമ്മയ്ക്ക് പാർക്കിൻസൺസ് രോഗം കലശലായി. പ. ബാവായുടെ മധ്യസ്ഥതയിൽ പരിപൂർണ്ണ സൗഖ്യം കിട്ടി.

ന്യൂയോർക്കിൽ ബഹു. റ്റി. എം. സഖറിയാ കോർ-എപ്പിസ്ക്കോപ്പാ അച്ചന്റെ ഇടവകയിൽപ്പെട്ട ജെയിംസ് കുട്ടിയുടെ കുഞ്ഞിനെ പ. ബാവായുടെ മധ്യസ്ഥത, മരണത്തിൽ നിന്നും രക്ഷിച്ചതായി ആ കുടുംബം വിശ്വസിക്കുന്നു.

മക്കളില്ലാത്ത അനേകർക്ക് കബറിങ്കലെ മധ്യസ്ഥതയാൽ സന്താന ഭാഗ്യം ലഭിച്ചതായുള്ള അവരുടെ സാക്ഷ്യം കേട്ടിട്ടുണ്ട്. തിരുമേനിയിൽക്കൂടിയുള്ള ശക്തമായ ദൈവിക പ്രവർത്തനമാണ് ദയറായുടെ ഇന്നു കാണുന്ന വളർച്ചയും വികസനവും. ജീവിച്ചിരുന്നപ്പോഴും പ. ബാവായെ ദൈവത്തിന്റെ പ്രതിപുരുഷനായി ജനം കണ്ടിരുന്നു. അദ്ദേഹത്തോട് എതിരായവർക്ക് തക്കതായ ദൈവശിക്ഷ കിട്ടിയിരുന്നതായി ഇപ്പോഴും ദയറായുടെ സമീപവാസികൾ സാക്ഷിക്കുന്നു.

പ. ഗീവറുഗീസ് പ്രഥമൻ ബാവായെ ഒരു പ്രാർത്ഥനാ മനുഷ്യനായി രൂപപ്പെടുത്തിയതിനു പിന്നിൽ രണ്ടു ശ്രേഷ്ഠ പിതാക്കന്മാരുടെ പ്രഗാഢമായ സ്വാധീനമുണ്ട്. ഗുരുവായ കടവിൽ മാർ അത്താനാസ്യോസ് തിരുമേനിയുടെയും പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെയും ജീവിതമാണ് അദ്ദേഹം എല്ലായ്പ്പോവും മാതൃകയാക്കിയിരുന്നത്.

1897-ൽ പരുമലത്തിരുമേനി വാകത്താനം വലിയ പള്ളിയിലേക്കയച്ച കല്പനയിൽ "നമ്മുടെയും നിങ്ങളുടെയും വാത്സല്യമുള്ള ആളാകുന്ന ബഹുമാനപ്പെട്ട നമ്മുടെ ഗീവറുഗീസ് റമ്പാച്ചൻ, ഇവിടെ നിങ്ങളോടുകൂടെ ഈ പള്ളിയിൽ താമസിക്കുന്നതുകൊണ്ടും ആത്മസംബന്ധമായും പള്ളി സംബന്ധമായും ഉള്ള എല്ലാ കാര്യങ്ങളും വെടിപ്പായും യോഗ്യമായും നിങ്ങളിൽ നടന്നു കാണാൻ ഇടവരുമെന്നും നാം വിശ്വസിക്കുന്നു....." എന്നാണ് എഴുതിയിട്ടുള്ളത്. അത്രമാത്രം പരുമലത്തിരുമേനി സ്വശിഷ്യനെ സ്നേഹിച്ചിരുന്നു. 1902 -ൽ പരിശുദ്ധ പരുമലത്തിരുമേനി മരണാസന്നനായപ്പോൾ അന്നു രോഗിയായിരുന്ന കടവിൽത്തിരുമേനി ഗീവറു



വള്ളിക്കാട്ടു ദയറാ

ഗീസ് റമ്പാനെയായിരുന്നു പ്രതിനിധിയായി പരുമലയിലേക്കയച്ചത്. പരുമലത്തിരുമേനിയുടെ കന്തിലാ, കബറടക്കം എന്നീ കർമ്മങ്ങളിൽ പ്രധാനപ്പെട്ട ചുമതലകൾ ഗീവറുഗീസ് റമ്പാൻ വഹിച്ചു. ഇക്കാര്യങ്ങളെക്കുറിച്ച് സമയം വരെ കൃത്യമായി രേഖപ്പെടുത്തിയിട്ടുള്ള ഡയറിക്കുറിപ്പിലെ ഭാഗങ്ങൾ പരുമലത്തിരുമേനിയുടെ ജീവചരിത്രത്തിൽ പുതിയ അറിവുകൾ പകർന്നു നൽകുന്നതാണ്. കടവിൽത്തിരുമേനി, പരുമലത്തിരുമേനിയുടെ പിൻഗാമിയെ ഗീവറുഗീസ് റമ്പാനിൽ ദർശിക്കുകയും അദ്ദേഹത്തെ മേൽപ്പട്ടക്കാരനായി വാഴിക്കണമെന്ന് മലങ്കര മെത്രാപ്പോലീത്തായ്ക്ക് എഴുതുകയും ചെയ്തു. മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പുലിക്കോട്ടിൽ തിരുമേനിയുടെ പൗരോഹിത്യ സുവർണ്ണ ജൂബിലിയുടെ ചുക്കാൻ പിടിച്ചതും വട്ടശ്ശേരിൽ തിരുമേനിയുടെ മലങ്കര മെത്രാപ്പോലീത്താ വാഴ്ചയ്ക്ക് സഹായിയായിരുന്നതും വന്ദ്യ റമ്പാച്ചനായിരുന്നു. വട്ടശ്ശേരിൽ തിരുമേനിയുമായി സുദൃഢമായ ഒരു ബന്ധം എന്നും അദ്ദേഹം കാത്തു സൂക്ഷിച്ചു.

കോട്ടയം, അങ്കമാലി മെത്രാസനങ്ങളുടെ മെത്രാപ്പോലീത്താ ആയ ഗീവറുഗീസ് മാർ പീലക്സീനോസ്, വള്ളിക്കാട്ടു ദയറാ ആസ്ഥാനമാക്കി മെത്രാസന ഭരണം നടത്തി. രണ്ടു മെത്രാസനങ്ങളിലെയും പള്ളികളെ സഭയുടെ മുഖ്യധാരയിൽ കോർത്തിണക്കാൻ തിരുമേനിയുടെ നേതൃത്വത്തിനു കഴിഞ്ഞു. അതോടൊപ്പം തന്നെ നാടിന്റെയും സമൂഹത്തിന്റെയും പുരോഗതിക്കും പ്രത്യേകമായ ശ്രദ്ധ നൽകി. ഈ കാലഘട്ടത്തിൽ വള്ളിക്കാട്ടു ദയറാ ഒരു മല്പാൻ ഭവനമായി പ്രവർത്തിച്ചു. ഇടവക മെത്രാപ്പോലീത്തായായി കഴിയുമ്പോഴും മലങ്കര സഭയുടെ സമസ്തമേഖലയിലും പ്രഭ വിതറിയ വ്യക്തിത്വമായിരുന്നു തിരുമേനിയുടേത്.

കാതോലിക്കാ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടും ആ സ്ഥാനത്തു നിന്ന് തന്നെ ഒഴിവാക്കണമെന്നായിരുന്നു തിരുമേനിയുടെ ആവശ്യം. സ്ഥാനമാനങ്ങൾ ആഗ്രഹിക്കാഞ്ഞ തിരുമേനി ദൈവിക നിയോഗമായി സഭാ നൗകയുടെ നായകത്വം 1925-ൽ ഏറ്റെടുത്തു. പരിശുദ്ധ അബ്ദുൽ മശിഹാ പാത്രിയർക്കീസിന്റെ കല്പനയും മലങ്കര സഭയുടെ അഭിലാഷവുമനുസരിച്ച് പരി. സുന്നഹദോസിനാൽ മാത്രം വാഴിക്കപ്പെട്ട ആദ്യത്തെ കാതോലിക്കായായിരുന്നു വാകത്താനത്തു ബാവാ. കാതോലിക്കേറ്റിന്റെ പുരോഗതിക്കായി ദിശാബോധത്തോടെ തിരുമനസ്സ് ക്രമമായി പ്രാർത്ഥിച്ചു. കാതോലിക്കേറ്റിന്റെ വ്യക്തമായ രൂപവും ഭാവവും സ്ഥാനചിഹ്നങ്ങളും രൂപപ്പെടുത്തി, ഒപ്പം വ്യവസ്ഥാപിതവും തുടർച്ചാ സ്വഭാവമുള്ളതുമായ ഒന്നാക്കി മാറ്റുന്നതിൽ ശ്രദ്ധിച്ചു. പൗരസ്ത്യ കാതോലിക്കായ്ക്ക് മുതലവായൻ മുടിയും അൽമഞ്ഞി-കാപ്പയുമടക്കം മലങ്കര സഭാ പാരമ്പര്യത്തിലുള്ള പൂർണ്ണ അംശവസ്ത്രം, ഇന്നു പൗരസ്ത്യ കാതോലിക്കായുടെ ഔദ്യോഗിക അംശവടിയായ പാമ്പിൻതലയില്ലാത്ത ഇരട്ടപ്പത്തിവടി, ചുവന്ന കല്പനമുദ്ര, ചുവന്ന തലക്കെട്ടോടുകൂടിയ കല്പനക്കടലാസ്സ് ഇങ്ങനെ കാതോലിക്കേറ്റിന്റെ സ്വതന്ത്രമായ നിലനില്പും പരമാധികാരവും വ്യക്തമാക്കുന്ന അടിസ്ഥാന വസ്തുക്കൾ ആ പരിശുദ്ധന്റെ ക്രാന്ത ദർശിത്വത്തിൽ രൂപം കൊണ്ടവയാണ്. വള്ളിക്കാട്ടു പള്ളിയെക്കുറിച്ച് രേഖപ്പെടുത്തുമ്പോഴൊക്കെ 'സിംഹാസനപ്പള്ളി എന്ന പദമാണ് അദ്ദേഹം ഉപയോഗിച്ചത്. മലങ്കരയിലെ കാതോലിക്കേറ്റിന്റെ സ്വയം ശീർഷകത്വത്തെക്കുറിച്ച് തിരുവനന്തപുരം സെന്റ് ജോർജ്ജ് പള്ളിയിൽ വച്ച് നടത്തിയ പ്രസംഗം പ. ബാവാതിരുമേനിയുടെ ആഴമേറിയ സഭാചരിത്ര പാണ്ഡിത്യത്തിന്റെ ഉത്തമ നിദർശനമാണ്.

"പ്രിയരേ, കാതോലിക്കാസ്ഥാപനം പണ്ടു പണ്ടേ നമുക്കു ലഭിച്ചിട്ടുള്ളതാകുന്നു. മലങ്കരെയുള്ള നമുക്ക് ഒരു കാതോലിക്കാ തിഗ്രീസിൽ ഉണ്ടായിരുന്നു. ആ സ്ഥാപനത്തെ സഭ ന്യായാനുസരണം അനുവദിച്ചിട്ടുള്ളതും ആകുന്നു. വിശുദ്ധ കുർബ്ബാന സമയത്ത് നാം മോറാൻ മാർ ഇഗ്നാത്തിയോസിനെയും, മാർ ബസ്സേലിയോസ്സിനെയും മാർ ഗ്രീഗോറിയോസിനെയും ഓർമ്മിക്കുന്നുണ്ടല്ലോ. ഇതിൽ രണ്ടാമതു മാർ ബസ്സേലിയോസ് എന്നു പറയുന്നത് ആരെയാണ്? നമുക്കു പണ്ടേ തന്നെ ലഭിച്ചിട്ടുണ്ടെന്നു പറഞ്ഞ തിഗ്രീസിന്റെ ഒന്നാമത്തെ കാതോലിക്കാ ബാവാ തിരുമനസ്സിനെത്തന്നെ. ഇതു കൂടാതെ മാർ ബസ്സേലിയോസിനെ ദനഹാ ശുശ്രൂഷയിലും നാം അനുസ്മരിക്കുകയും അദ്ദേഹത്തോട് അപേക്ഷിക്കുകയും ചെയ്യുന്നുണ്ട്. സഭയിൽ അംഗീകരിക്കാത്ത-ഇങ്ങനെയൊരു ഏർപ്പാട് നമുക്ക് ആരാധനാ ക്രമത്തിൽ എങ്ങനെ വന്നു ചേരും? ഈ ഒരു കാരണം കൊണ്ടുതന്നെ പൗരസ്ത്യ കാതോലിക്കാ സ്ഥാപനവും നമുക്ക് എത്ര കണ്ട് അവകാശയോഗ്യവും അത്യാവശ്യപ്പെട്ടതുമാണെന്ന് മനസ്സിലാകുന്നുണ്ടല്ലോ. ഒരു കാലത്ത് നമുക്ക് അനുഗ്രഹപ്രദമായി സിദ്ധിച്ചിരുന്ന ആ ഒരു സ്ഥാപനം നമുക്കു നഷ്ടപ്പെടുന്ന പക്ഷം അത് ഒരു വലിയ നഷ്ടമെന്നേ പറയേണ്ടതുള്ളൂ.

ഒരു സാമൂഹിക പരിഷ്ക്കർത്താവ് എന്ന നിലയിലും, ഗ്രന്ഥകാരനെന്ന നിലയിലും ഉള്ള പ. ബാവായുടെ പ്രവർത്തനങ്ങൾ ഇന്നും വേണ്ട വണ്ണം വിലയിരുത്തപ്പെട്ടിട്ടില്ല. ബാല്യത്തിൽ വിദ്യാഭ്യാസത്തിന് തനിക്കുണ്ടായിരുന്ന അസൗകര്യം പില്ക്കാല തലമുറയ്ക്ക് ഉണ്ടാകരുതെന്ന താത്പര്യം അദ്ദേഹത്തെ നിരവധി വിദ്യാലയങ്ങളുടെ സ്ഥാപനത്തിന് പ്രേരിപ്പിച്ചു. വാകത്താനം, ഉണ്ണാമറ്റം, നാലുന്നാക്കൽ, പുതുശ്ശേരി, ഇത്തിത്താനം എന്നിവിടങ്ങളിൽ വിദ്യാലയങ്ങൾ സ്ഥാപിക്കുവാൻ നേതൃത്വം നൽകിയത് പ. ബാവാതിരുമേനിയായിരുന്നു. മാത്രമല്ല, തന്റെ ആസ്ഥാനമായിരുന്ന വള്ളിക്കാട്ട ദയറായെ ഒരു മല്പാൻ ഭവനമാക്കി മാറ്റുവാനും അദ്ദേഹത്തിനു സാധിച്ചു. തെക്കും വടക്കുമുള്ള അനേകം വൈദികർ പ. ബാവായുടെ ശിക്ഷണം സ്വീകരിച്ച് ദയറായിൽ കഴിഞ്ഞിരുന്നു. ഒരു ഗ്രന്ഥകാരനെന്ന നിലയിൽ പ. ബാവായെ അനശ്വരനാക്കുന്ന കൃതികളാണ് 'സഭാ ജീവിത നാൾ വഴി' എന്നു വിശേഷിപ്പിക്കാവുന്ന ഡയറിക്കുറിപ്പ്, 'ഒരു കൊളംബോ യാത്രാവിവരണം" 'സഭാ പഞ്ചാംഗം' എന്നിവ. ഒരിക്കൽ വെള്ളിക്കുരിശ് പണിയുവാൻ അനുവാദം തേടിയ നാലുന്നാക്കൽ പള്ളിക്കാരോട്, വെള്ളിക്കുരിശല്ല, പള്ളിക്കൂടം പണിയാനാണ് പ. ബാവാ കല്പിച്ചത്. ഈ മഹദ്ദർശനത്തിന്റെ സൂര്യശോഭ അദ്ദേഹത്തിന്റെ കൃതികളിൽ നിറഞ്ഞു നില്ക്കുന്നു.

പരിശുദ്ധ ബാവാ തിരുമേനിയുടെ



കബറിടം സ്ഥിതിചെയ്യുന്ന വള്ളിക്കാട്ടു ദയറായെ അഭയസ്ഥാനമായി പിൻഗാമികൾ കരുതിയിരുന്നു. പ. പാമ്പാടിത്തിരുമേനിയുടെ ഡയറിക്കുറിപ്പുകളിൽ 'പരിശുദ്ധൻ' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ. ബാവാ കാലം ചെയ്തതിനു ശേഷം വലിയ നോമ്പു കാലങ്ങളിൽ ഉപവസിച്ചു പ്രാർത്ഥിക്കുവാൻ പ. പാമ്പാടിത്തിരുമേനി തെരഞ്ഞെടുത്തത് ഈ ദയറായായിരുന്നു. കോട്ടയം ഭദ്രാസനത്തിന്റെ അഭിവന്ദ്യ ഗീവറുഗീസ് മാർ ഈവാനിയോസ് തിരുമേനി 'ഓർത്തഡോക്സ് ഹെറാൾഡിന്' അനുവദിച്ച അഭിമുഖ സംഭാഷണത്തിൽ ഇപ്രകാരം പറഞ്ഞു. "ആ കബറിടത്തിൽ അല്പ സമയം പ്രാർത്ഥനാ നിരതനായിരിക്കുമ്പോൾ ലഭിക്കുന്ന അനുഭവം അവാച്യമാണ്." ഞാലിയാകുഴി മാർ ബസ്സേലിയോസ് ദയറായുടെ ആരംഭം വള്ളിക്കാട്ടു ദയറായുമായി ബന്ധപ്പെട്ടു നിൽക്കുന്നു.

പ. ബാവാ തിരുമനസ്സിനെ വളരെയേറെ സ്നേഹിച്ച കൂത്താട്ടുകുളത്ത് കൊഴുവല്ലൂർ അച്ചന്റെ ഓർമ്മക്കുറിപ്പിൽ പുത്തൻകാവു പള്ളിയിൽ ലഭിച്ച സ്വീകരണത്തിന് മറുപടിയായി തിരുമേനി പറഞ്ഞ വാക്കുകൾ പ്രത്യേകമായി പറഞ്ഞിട്ടുണ്ട്. "നമ്മിൽ നിക്ഷിപ്തമായ പൗരോഹിത്യത്തെയും കർത്താവിനെയുമാണ് നിങ്ങൾ ബഹുമാനിക്കേണ്ടത്. നമ്മുടെ വ്യക്തിത്വത്തെയല്ല." എളിമയുടെ മഹായിടയനായാണ് അച്ചൻ തിരുമേനിയെ കണ്ടത്. ഉദരവേദനയുണ്ടായിരുന്ന തിരുമേനി നോമ്പിൽ പാൽ കുടിയ്ക്കാൻ സമ്മതിച്ചില്ല. "പാൽ കുടിയ്ക്കാഞ്ഞാൽ ഞാൻ വയറു വേദന അനുഭവിച്ചാൽ മതിയല്ലോ. ഞാൻ നോമ്പിൽ പാൽ കുടിച്ചാൽ സഭ വേദനിക്കും" അത്രമാത്രം തീക്ഷ്ണമായ വ്രതനിഷ്ഠയും, സഭാ സ്നേഹവും പ. പിതാവ് പുലർത്തിയിരുന്നു. പ. ബാവാ തിരുമേനിയുടെ ശെമ്മാശനായിരുന്ന, ഇന്നു നൂറുവയസ്സുള്ള കരിങ്ങണാമറ്റത്തിൽ ജേക്കബച്ചൻ പറയുന്നത് "വിശുദ്ധ ജീവിതവും കൃത്യനിഷ്ഠയും നിറഞ്ഞതായിരുന്നു. തിരുമനസ്സിന്റെ ജീവിതം. വലിയൊരു ശിഷ്യസമ്പത്തും, സുഹൃദ് വലയവും തിരുമേനിക്കുണ്ടായിരുന്നു." ശിഷ്യന്മാരായ വൈദികരാകട്ടെ, സ്നേഹനിധിയും അതുല്യമാതൃകയുമായ ഗുരുവിനെ എന്നും ഹൃദയത്തിൽ പൂജിച്ചു.

74-ാം ഓർമ്മപ്പെരുന്നാളിൽ വി. കുർബ്ബാന മദ്ധ്യേ ശ്രേഷ്ഠ നിയുക്ത കാതോലിക്കാബാവാ അഭിവന്ദ്യ തോമസ് മാർ തീമോത്തിയോസ് തിരുമേനി ചെയ്ത പ്രസംഗത്തിൽ "പ. ബാവാ തിരുമേനിയെ പ. സഭയുടെ ഒരു പരിശുദ്ധനായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ തുടങ്ങേണ്ടിയിരിക്കുന്നു" എന്ന് അഭിപ്രായപ്പെടുകയുണ്ടായി.

ഈ വർഷം പ്ലാറ്റിനം ജൂബിലി വർഷമാണ് ജൂബിലിയോനുബന്ധിച്ച് ഡിസംബർ 16, 17 തീയതികളിൽ പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ ഭക്തി നിർഭരമായ പരിപാടികളോടെ ദയറായിൽ പെരുന്നാൾ ആഘോഷിക്കും. പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസും മാനേജിംഗ് കമ്മറ്റിയും പ്രഖ്യാപിച്ചതനുസരിച്ച് ജൂബിലി സ്മാരകങ്ങൾ പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യും. ജൂബിലിയോടനുബന്ധിച്ച് പ. ബാവാതിരുമേനിയുടെ ആത്മകഥാരൂപത്തിൽ ഡയറിക്കുറിപ്പുകൾ, ജീവചരിത്ര ഗ്രന്ഥം, സിലോൺ യാത്രാ വിവരണം എന്നീ പുസ്തകങ്ങൾ പ്രകാശനം ചെയ്യും. ദയറായെ സഭയുടെ പൊതു തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കും. പ. ബാവായുടെ ഓർമ്മപ്പെരുന്നാൾ സഭയിലെ എല്ലാ പള്ളികളിലും റാസയോടും നേർച്ചവിളമ്പോടും കൂടെ ആചരിക്കും.

ജൂബിലി സംബന്ധമായ പരിപാടികളുടെ സുഗമമായ നടത്തിപ്പിന് സഭാ സ്നേഹികളായ ഏവരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. നിങ്ങളുടെ ചെറുതും വലുതുമായ സംഭാവനകൾ മാനേജർ, വള്ളിക്കാട്ടു ദയറാ, പുത്തൻ ചന്ത പി. ഓ. വാകത്താനം, കോട്ടയം-686538, ഫോൺ: 0481-2462550 എന്ന വിലാസത്തിൽ അയയ്ക്കുകയും, സൗകര്യം കിട്ടുമ്പോൾ ദയറായിൽ എത്തി പ്രാർത്ഥിക്കുകയും ചെയ്യുമെന്നു കരുതുന്നു.

വി. വേദപുസ്തകത്തിൽ ഉല്പത്തിപ്പുസ്തകം 23-ാം അധ്യായത്തിൽ സാറായുടെ ശവസംസ്ക്കാരത്തിന് ഹിത്യരോട് സ്ഥലം ആവശ്യപ്പെട്ടപ്പോൾ അവർ അബ്രഹാമിനോട് ഇപ്രകാരം പറയുന്നു. "നീ ഞങ്ങളുടെ ഇടയിൽ ദൈവത്തിന്റെ ഒരു പ്രഭുവാകുന്നു" - അതേ, നമ്മുടെയിടയിൽ ജീവിച്ച് സ്വർഗ്ഗീയ ഗണങ്ങളോടു ചേർന്ന് നമുക്കു വേണ്ടി നിരന്തരം മധ്യസ്ഥതയണയ്ക്കുന്ന പ. ബാവാതിരുമേനി നമ്മുടെയിടയിൽ ദൈവത്തിന്റെ പ്രഭുതന്നെ ആ പ്രഭുവിന്റെ മധ്യസ്ഥതയിൽ നമുക്കും അഭയം പ്രാപിക്കാം.

**ഏദൻ അലയൻസ് ✝ ഓർത്തഡോക്സ് വൈവാഹികം**

**NO BROKER * NO COMMISSION**

**✝✝✝ ക്രിസ്തുമസ് ആശംസകൾ ✝✝✝**

സഭാ വിശ്വാസികളേ,

പ. പരുമല തിരുമേനിയുടെ ഓർമ്മദിവസമായ നവംബർ 2-ാം തീയതി ഭോപ്പാൽ ഇടവക വികാരി ഫാ. ജെയിംസ് വർഗീസ് ഏദൻ അലയൻസ് വിവാഹ ബ്യൂറോ (www.nizee.com) വെബ്സൈറ്റ് ദൈവനാമത്തിൽ സമർപ്പിച്ചു. ലോകത്തിലെ എല്ലാ ഭാഗങ്ങളിൽ നിന്നും നിങ്ങളുടെ കുട്ടികൾക്ക് വെറും 400/- രൂപാ (US 30.00) വാങ്ങി (നോ കമ്മീഷൻ) വധു വരന്മാരെ തിരഞ്ഞെടുക്കുന്നു. DD/ Cheque in favour of 'STAR WINISSAC' BHOPAL.

*ബയോഡേറ്റാ ഈ വിലാസത്തിൽ അയയ്ക്കുക.*

**231, Nikhil Homes-1, G-3, Ashoka Garden, Bhopal-462023. (M.P.) India**

ഫോൺ: (91) 0755-5225916.

ഫാക്സ്: (91) 0755-5225089. Mob: 0989-3225916.

അല്ലാതെ (www.nizee.com) വെബ്സൈറ്റിന് ഫോം ഡൗൺലോഡ് ചെയ്ത് അയക്കുക, E-mail ചെയ്യുക: nizeeMD@yahoo.com

**All parishes, MGOCSMs, MMS, Prayer Group worldwide can advertise FREE on nizee.com**

ദൈവനാമത്തിൽ സ്റ്റാർവിൻ ഗ്രൂപ്പിന്റെ ജനോപകാരമായ ഒരു പ്രവർത്തനം

# ബാലസഭ

## നടവഴികൾ...

### ഒരു തലയോട്ടി അപ്പച്ചനും കുറെ പിള്ളാരും

പള്ളിയുടെ തൊട്ടടുത്താണ് ട്യൂഷൻ സെന്റർ. സ്കൂൾ വിട്ടു വരുമ്പോൾ ട്യൂഷന് മുമ്പും, പിമ്പും കളിക്കുവാനായി പള്ളിമുറ്റം ഉപയോഗിക്കാറുണ്ട്. പതിവുപോലെ ട്യൂഷന് മുമ്പുള്ള ചെറിയ കളികൾ അരങ്ങേറിയ ഒരു വൈകുന്നേരം.... ജോൺകുട്ടിയും വർഗ്ഗീസുമാണ് അത് കണ്ടുപിടിച്ചത്, ഒരു തലയോട്ടി.

ഏതോ പഴയ കല്ലറയിൽ നിന്നും എങ്ങനെയോ വെളിയിലെത്തിയതാണ് സംഗതി. ഒരു വേലിക്കൊന്നക്കമ്പിൽ അതും കുത്തിയെടുത്ത് ജോൺ കുട്ടി പള്ളിമുറ്റമാകെ ഓടി നടന്നു കുട്ടികളേറെപ്പേർ അതിനു പിന്നാലെ ചാടി നിന്നപ്പോൾ കുറച്ചു പേർ ചിരിച്ചുകൊണ്ട് നിന്നു. അഞ്ചാറുപേർ ഭീതിയോടെ മാറി നിന്നു.

"നമുക്കൊരു പണി പറ്റിക്കാം" അവൻ അടക്കം പറഞ്ഞു. 10–12 കാതുകൾ ചുറ്റും കൂടി ആ അടക്കം പങ്കിട്ടു.

കൈയ്യിലൊരു പേപ്പർ പൊതിക്കെട്ടുമായി ജോൺകുട്ടിയും പരിവാരവും ക്ലാസ്സിലേക്കു വന്നു. ക്ലാസ്സു തുടങ്ങാൻ അഞ്ച്, ആറ് മിനിറ്റ് ബാക്കിയുണ്ട്. എഴുന്നേറ്റു നിന്നും ഇരുന്നുമൊക്കെ നുണകളും കാര്യങ്ങളും പറയുന്ന പെൺകുട്ടികൾ, എല്ലാവരുടേയും ശ്രദ്ധ ജോൺ കുട്ടിയിൽ പതിഞ്ഞു.

"സുഹൃത്തുക്കളേ...." അവൻ ആമുഖ പ്രഭാഷണം തുടങ്ങി. ഏതോ തട്ടിപ്പു കേസുകെട്ടും കൊണ്ടാണ് ഇവൻ വന്നിരിക്കുന്നതെന്ന് പെൺകുട്ടികളുടെ മുഖഭാവം വ്യക്തിമാക്കിയിരുന്നു, എങ്കിലും അവർ ശ്രദ്ധിച്ചു.

"ബുദ്ധിയുള്ളവർ കാണേണ്ട കാഴ്ചയാണിത്. ധൈര്യപൂർവ്വം തുറന്നു നോക്കൂ.... മടിച്ചു നില്ക്കാതെ നിങ്ങളുടെ ബുദ്ധിയുടെ ഇരിപ്പിടം നന്നായി കാണൂ..."

"ഇതെന്തു പണ്ടാരമാണ് കർത്താവേ" എൽസിക്കുട്ടിയുടെ ആത്മഗതം അല്പം ഉറക്കെയായിപ്പോയി. ആകാംക്ഷ ഉയർന്നു തുടങ്ങി പൊതിക്കെട്ടിനു ചുറ്റും കൂടി നിന്ന് പെൺപട പിറുപിറുത്തു തുടങ്ങി. "നീ തുറക്ക്... അല്ല നീ തുറക്ക്..." എൽസിക്കുട്ടി രണ്ടും കല്പിച്ച് പേപ്പർമൂടി പെട്ടെന്ന് തുറന്ന് താഴേക്ക് നീക്കി.... നീക്കിയില്ല.

"അയ്യോ......." കൂട്ട നിലവിളി ഉയർന്നു ക്യൂൻസ് ട്യൂഷൻ സെന്ററിന്റെ ഓലമേഞ്ഞ കെട്ടിടം കുലുങ്ങി വിറച്ചു. വിവിധ സ്ഥാനങ്ങളിൽ നിന്നവർ ഓടിക്കൂടി ആ ക്ലാസ്സിലെത്തി. ചിലർ ചിരിക്കുന്നു. ഞെട്ടിവിറച്ചവർ കരയുന്ന ആകെക്കൂടി ബഹളമയം.

പ്രിൻസിപ്പാൾ രാജൻസാർ വന്നപ്പോഴേക്കും ക്ലാസ്സ് പൂർണ്ണ നിശ്ശബ്ദമായി... ഒരു കൈയ്യിൽ പൊതിക്കെട്ടും മറുകൈയ്യിൽ ജോൺകുട്ടിയുടെ ചെവിയുമായി രാജൻസാർ ഓഫീസിലേക്കു നീങ്ങിയപ്പോൾ വീണ്ടും കുശു കുശുക്കലുകൾ ഉയർന്നു തുടങ്ങി.

"ബുദ്ധിയുള്ളവർ കാണേണ്ട കാഴ്ചയാണ് അതാ പോകുന്നു" കരഞ്ഞു കലങ്ങിയ കണ്ണുകളും മുഖത്ത് ഇരച്ചു പൊന്തുന്ന ദേഷ്യവുമായി എൻസിക്കുട്ടി, ജോൺ കുട്ടിയെ ചൂണ്ടി വീണ്ടും പറഞ്ഞത് അല്പം ഉറക്കെയായിപ്പോയി.

"എന്റെ എക്സിക്യൂട്ടീവേ ഒന്നടങ്ങ് അവനൊരു തമാശ കാണിച്ചതല്ലേ" വർഗ്ഗീസ് ഒരു പിന്താങ്ങൽ ശ്രമം നടത്തി.

"പോടാ അർക്കീസേ മനുഷ്യനെ വെരട്ടിയാണോ അവന്റെ തമാശ" എൽസിക്കുട്ടി വിടുന്ന മട്ടില്ല. നീ നോക്കിക്കോ നാളെ ഞാൻ പള്ളിയിലെ അച്ചനോട് പറഞ്ഞ് ഈ തലയോട്ടിക്കേസ് കുത്തിപ്പൊക്കും..."

"ദൈവമേ കളി കാര്യമായോ? ഈ തലയോട്ടി അപ്പച്ചന്റെ മക്കൾ അടുത്ത കാലത്തെങ്ങും തിരി കത്തിച്ച് പ്രാർത്ഥിക്കാൻ വരുന്നവർ ആയിരിക്കല്ലേ...." വർഗ്ഗീസ് കണ്ണടച്ചു പ്രാർത്ഥിച്ചു.

**തോമസ് പി. ശെമ്മാശ്ശൻ, കൊട്ടാരക്കര**

## ബുദ്ധിമാൻ




പ്രിയപ്പെട്ട കൊച്ചു കൂട്ടുകാരേ,

ജൻമദിനം എല്ലാവരെ സംബന്ധിച്ചും പ്രധാനപ്പെട്ടതാണ്. പ്രിയപ്പെട്ടവരുടെ ജൻമദിനത്തിൽ സമ്മാനങ്ങൾ നൽകിയും ആശംസകൾ അറിയിച്ചും കൂട്ടുകാർ പങ്കെടുത്തിട്ടുണ്ടാവുമല്ലോ. ഈ മാസം വളരെ പ്രധാനപ്പെട്ട ഒരു ജൻമദിനം നാം ആഘോഷിക്കുന്നു. മാനവ വംശത്തിന്റെ രക്ഷക്കായിട്ട് ഭൂമിയിലവതരിച്ച യേശു തമ്പുരാന്റെ ജൻമദിനമാണിത്. ക്രിസ്മസ് എന്ന് കേൾക്കുമ്പോൾത്തന്നെ നമ്മുടെ മനസ്സിൽ കാരൾ ഗാനങ്ങളും നക്ഷത്രങ്ങളും, ക്രിസ്മസ് അപ്പൂപ്പനും, ക്രിസ്മസ് ട്രീകളും രുചിയേറുന്ന കേക്കുകളും ഓർമ്മയിൽ വരുന്നു. എത്ര ആനന്ദപ്രദമായ ഉത്സവമാണിത്. ജിമ്മി എന്ന ബാലകൻ ഒരിക്കൽ ക്രിസ്മസ് പുൽക്കൂട് ഒരുക്കി, വയ്ക്കോൽ വച്ചാണ് ഇത് ഒരുക്കിയത്. മാലാഖമാരുടെയും, ആട്ടിടയൻമാരുടെയും വി. മറിയാമിന്റെയും, യൗസേഫിന്റെയും രൂപങ്ങളൊക്കെ അതിൽവച്ചു. അടുത്തതായി വയ്ക്കുവാനുള്ളത് യേശുകുഞ്ഞിന്റെ രൂപമാണ്. അവൻ തന്റെ പെട്ടിമുഴുവൻ അന്വേഷിച്ചു. അവന്റെ മുറി മുഴുവൻ പരിശോധിച്ചു. ആ രൂപം അവന് കണ്ടെത്തുവാനായില്ല. അവൻ വിഷമിച്ച് കരഞ്ഞുകൊണ്ട് അമ്മയുടെ അടുത്തെത്തി. അമ്മ ചോദിച്ചു എന്താ മോനേ കരയുന്നത്? അമ്മേ.... അമ്മേ, ഞാൻ പുൽക്കൂടുണ്ടാക്കി. അതിൽ എല്ലാ രൂപങ്ങളും വച്ചു. യേശുക്കുഞ്ഞിന്റെ രൂപം മാത്രമില്ല. ഞാൻ ഇവിടെയെല്ലാം അന്വേഷിച്ചു. കിട്ടിയില്ല. അമ്മ അവനെ ആശ്വസിപ്പിച്ചു. നീ ഇന്നത്തെ ക്രിസ്മസ്സ് ശുശ്രൂഷയിൽ പങ്കെടുത്തിട്ട് വരുമ്പോൾ യേശുവിനെ കിട്ടുമെന്ന് പറഞ്ഞു. അവൻ ശുശ്രൂഷ തുടങ്ങുന്നതിന് മുൻപു തന്നെ ദേവാലയത്തിലെത്തി. വളരെ ശ്രദ്ധയോടെ ആരാധനയിൽ പങ്കെടുത്തു. പുരോഹിതന്റെ ക്രിസ്മസ്സ് സന്ദേശവും കഴിഞ്ഞപ്പോൾ അവൻ സന്തോഷിച്ചു എന്റെ മനസ്സിൽ ഇപ്പോൾ ക്രിസ്തു ജനിച്ചിരിക്കുന്നു എന്ന് പറഞ്ഞ് ഓടി വീട്ടിലെത്തി. അമ്മേ വിളിച്ചു. അമ്മേ... എനിക്ക് വളരെ സന്തോഷമായി. ഇന്നത്തെ ആരാധനയിൽ പങ്കെടുത്തപ്പോൾ തന്നെ യേശുകുഞ്ഞ് എന്റെ മനസ്സാകുന്ന പുൽക്കുടിലിൽ ജനിച്ചു. ഇനി ഞാനുണ്ടാക്കിയ പുൽക്കുടിലിൽ യേശുവില്ലെങ്കിലും മോന് സങ്കടമില്ല. ഉടൻ അമ്മ മകനെ ചുംബിച്ചിട്ട് അവന് ഒരു ക്രിസ്മസ് സമ്മാനം നൽകി. അവൻ സമ്മാനപ്പൊതി അഴിച്ചപ്പോൾ മാർബിളിൽ തീർത്ത യേശുകുഞ്ഞിന്റെ മനോഹരമായ രൂപം! അവന്റെ കണ്ണുകൾ സന്തോഷം കൊണ്ട് നിറഞ്ഞൊഴുകി. അത് അവനുണ്ടാക്കിയ പുൽക്കുടിലിൽ വച്ചു. ജിമ്മിന് അപ്രാവശ്യത്തെ ക്രിസ്മസ്സ് ആനന്ദപ്രദമായിരുന്നു.

യേശുവിനെ അന്വേഷിക്കുന്ന ക്രിസ്മസാകണം കൂട്ടുകാർക്ക് ഉണ്ടാകേണ്ടത്. ദേവാലയത്തിലെ ശുശ്രൂഷയിൽ കൂട്ടുകാർ പങ്കെടുക്കണം. യേശുവിനെ ജീവിതത്തിൽ സ്വന്തമാക്കണം.

*ക്രിസ്മസ് പരീക്ഷയ്ക്ക് ചിട്ടയായി തയ്യാറാവുക.* ചെറിയ കുറിപ്പുകൾ തയ്യാറാക്കി പഠിക്കുക. പഠിച്ച കാര്യങ്ങൾ പരീക്ഷയ്ക്ക് മുൻപു തന്നെ ആവർത്തിച്ചു വായിക്കുക. ദൈവവിചാരത്തോടെയും ആത്മ വിശ്വാസത്തോടെയും പരീക്ഷയെഴുതുക. എല്ലാ കൂട്ടുകാർക്കും ഊഷ്മളമായ ക്രിസ്മസ്സ് ആശംസകൾ.

സ്നേഹപൂർവ്വം

**തരകൻ ശെമ്മാശൻ, തേവലക്കര**

## വചനപാത...

"കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്കു കരുണ ലഭിക്കും"

വി. മത്തായി. 5:7

## കൂട്ടുകാരുടെ രചനകൾ



Augustine C.C.
Divine Care Centre,
Chalakudy





Jaison Thomas
Kanaicode

## പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാളുകൾ

40-ാം ഓർമ്മ (3-1-2004)



പ. ബസ്സേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ

75-ാം ഓർമ്മ (17-12-2003)



പ. ബസ്സേലിയോസ് ഗീവർഗ്ഗീസ് പ്രഥമൻ കാതോലിക്കാ ബാവാ

27-ാം ഓർമ്മ (8-12-2003)



പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ

17-ാം ഓർമ്മ (26-12-2003)



യാക്കോബ് മാർ പോളിക്കർപ്പസ് മെത്രാപ്പോലീത്താ (കൊരട്ടി സീയോൻ സെമിനാരി)

13-ാം ഓർമ്മ (13-12-2003)



ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്താ (ബേസിൽ അരമന, പത്തനംതിട്ട)

31-ാം ഓർമ്മ (3-12-2003)



തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ (പത്തനാപുരം താബോർ ദയറാ)


## ഗിവ്സൈറ്റ് പ്രോജക്ട് - കാര്യമ്പാടി കണ്ണാശുപത്രി

**M.O.S.C. Medical Mission Eye Hospital, Kariambadi P.O., Pin-673 591, Wayanad, Kerala, India.**

തിമിരംമൂലം അന്ധരായ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കുന്ന പദ്ധതിയാണ് ഗിവ്സൈറ്റ്. ഇൻട്രാ ഒക്കുലർ ലെൻസ് അഥവാ 10L കണ്ണിനുള്ളിൽ നിക്ഷേപിച്ചു നടത്തുന്ന ഓപ്പറേഷൻ ഇന്ന് സർവ്വവ്യാപകമായിരിക്കുന്നു. വ്യക്തവും സൂക്ഷ്മവുമായ കാഴ്ച ലഭിക്കുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഈ ആശുപത്രിയിൽ ഏറ്റവും കൂടുതൽ നടക്കുന്ന ഓപ്പറേഷനും ഇതുതന്നെയാണ്. സന്മനസ്സുള്ളവരിൽ നിന്നു സംഭാവനകൾ സ്വീകരിച്ച് പാവപ്പെട്ട അന്ധരോഗികളുടെ ചികിത്സയ്ക്കായി പ്രയോജനപ്പെടുത്തുന്നു.

താല്പര്യമുള്ള ആർക്കുവേണമെങ്കിലും ഗിവ്സൈറ്റ് പദ്ധതിയിൽ അംഗങ്ങളാകാം. ലെൻസ്വച്ചുള്ള ഓപ്പറേഷന് 1000 (ആയിരം) രൂപയും സാധാരണ ഓപ്പറേഷന് 500 (അഞ്ഞൂറു) രൂപയും വീതം സംഭാവന നല്കിയാൽ നിങ്ങളുടെ പേരിൽ ഞങ്ങൾ ഏതെങ്കിലും പാവപ്പെട്ട ഒരന്ധനു കാഴ്ചനല്കുന്നു. കാഴ്ച ലഭിച്ചയാളെ കുറിച്ചുള്ള വിവരം യഥാസമയം നിങ്ങളെ അറിയിക്കുകയും ചെയ്യും.

1986-ലാണ് ഈ കണ്ണാശുപത്രി ആരംഭിച്ചത്. പ്രസിഡണ്ടും രക്ഷാധികാരിയും പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയും, വൈസ് പ്രസിഡണ്ട് സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലീമീസ് തിരുമേനിയുമാണ്. M.S. (ophthal) ബിരുദമുള്ള 4 വിദഗ്ദ്ധ ഡോക്ടർമാരും സേവനസന്നദ്ധരായ പാരാമെഡിക്കൽ സ്റ്റാഫും, താക്കോൽ ദ്വാരശസ്ത്രക്രിയ ഉപകരണമായ ഫേക്കോ ഉൾപ്പെടെയുള്ള എല്ലാ അത്യാധുനിക ഉപകരണങ്ങളുമുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റലായി ഈ സ്ഥാപനം വളർന്നു കഴിഞ്ഞു.

ഈ സാമ്പത്തിക വർഷം 1006705.75- രൂപയുടെ സൗജന്യചികിത്സ, അർഹിക്കുന്നവർക്കായി നല്കുകയുണ്ടായി. 11921 ഓപ്പറേഷൻ ആകെ നടത്തിയതിൽ 3809-ഉം സൗജന്യമായിരുന്നു. ഇൻട്രാ ഒക്കുലർ ലെൻസുവച്ച് ഇതിനകം 2573 പേർക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കാനും സാധിച്ചു.

അനേകരുടെ വിലപ്പെട്ട സഹായം ലഭിക്കുന്നതുകൊണ്ടാണ് ഞങ്ങൾക്കിതു സാധിക്കുന്നത്. സഹായിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. മേലിലും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ജന്മദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം കൂടാതെ മറ്റേതെങ്കിലും വിശേഷദിനം വരുമ്പോൾ നമ്മുടെ കർത്താവിന്റെ സൗഖ്യദാനശുശ്രൂഷയുടെ ഭാഗമായ ഈ ആതുരശുശ്രൂഷയിൽ ഒരു ജീവകാരുണ്യപ്രവൃത്തിയെന്ന നിലയിൽ ഗിവ്സൈറ്റ് പ്രോജക്ടിലേക്ക് സംഭാവനകൾ നല്കാൻ അഭ്യർത്ഥിക്കുന്നു.

വിദേശങ്ങളിൽനിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ F.C.R.A. അനുവാദവും ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവന ട്രഷറാർ, ഗിവ്സൈറ്റ് പ്രോജക്ട്, M.O.S.C. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ. 673 591, വയനാട്, കേരള, ഇൻഡ്യ എന്ന അഡ്രസ്സിൽ ചെക്ക്/ ഡി.ഡി./എം.ഒ. ആയി അയച്ചുതരുന്നത് ഉപകാരമായിരുന്നു. ആശുപത്രി അക്കൗണ്ട് കാനറാ ബാങ്ക് മീനങ്ങാടി ശാഖയിലാണ്.

ഫാദർ അബ്രഹാം മാത്യു എടേക്കാട്ട് (സെക്രട്ടറി ഗവേണിംഗ്ബോർഡ്)




ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ

# NAMS ന്റെ 35-ാം സമ്മേളനവും ശാന്തിഗ്രാമും അരാവല്ലി ആശ്രമവും

**2003,** ഒക്ടോബർ 10 മുതൽ 13 വരെ ഡൽഹിയിലെ അഭി. ജോബ് മാർ പീലക്സീനോസ് തിരുമനസ്സിലെ അതിഥികളായി കേരളത്തിൽ നിന്നും ബാംഗ്ലൂരിൽ നിന്നും വന്ന 80-ഓളം അംഗങ്ങൾക്ക് ഹൃദ്യമായ സ്വീകരണമാണ് ലഭിച്ചത്. കൗസ്ഹാസ് കത്തീഡ്രലിന്റെ ചുമതലയിൽ സമീപത്തുള്ള പള്ളിയുടെ അടുത്തുള്ള സെന്റ് പോൾസ് സ്ക്കൂളിൽ വച്ചായിരുന്നു സമ്മേളനങ്ങൾ. സെന്റ് മേരീസ് കത്തീഡ്രൽ വികാരി ഫാ. ഷാജി മാത്യു, അസി. വികാരി ഫാ. നൈനാൻ ഫിലിപ്പും പള്ളിക്കമ്മറ്റി അംഗങ്ങളും ഇടവക ജനങ്ങളും കഠിനാദ്ധ്വാനം ചെയ്താണ് NAMS ന്റെ സമ്മേളനം വിജയകരമാക്കിയത്.

നാല് പ്രബന്ധങ്ങൾ 'സുവിശേഷം വർഗ്ഗീയതയ്ക്കെതിരെ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി അവതരിപ്പിച്ചത് ജനക്പുരി പള്ളി വികാരി ഫാ. പി. എ. ഫിലിപ്പും ബൊക്കാറോ ഹയർ സെക്കൻഡറി സ്ക്കൂൾ പ്രിൻസിപ്പൽ പ്രൊഫ. കെ. സി. മാണിയും ബസ്സേലിയോസ് കോളേജ് റിട്ടേർഡ് പ്രൊഫ. പി. കെ. കുര്യനും പത്തനാപുരം മൗണ്ട് താബോർ ആശ്രമാംഗവും പ്രൊഫസറുമായ ഫാ. ഡോ. മർക്കോസ് ജോസഫും ആയിരുന്നു പ്രബന്ധങ്ങൾ അവതരിപ്പിച്ചത്. (ഇവ ചെറുഗ്രന്ഥമായി പ്രസിദ്ധീകരിക്കുന്നതാണ്). ഡൽഹി ഡയോസിസ് സെക്രട്ടറി ഫാ. എം. സി. പൗലോസ് എല്ലാറ്റിന്റെയും നേതൃത്വം ഏറ്റെടുത്ത് സഹായിച്ചു.

സമ്മേളനം ഉദ്ഘാടനം ചെയ്തത് അഭി. ജോബ് മാർ പീലക്സീനോസ് മെത്രാപ്പോലീത്താ ആയിരുന്നു. NAMS-ന്റെ സ്ഥാപക പ്രസിഡന്റ് എന്ന നിലയിൽ ആ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുവാൻ ഈ ലേഖകന് ഭാഗ്യം ലഭിച്ചു.

"ഭാരതത്തിലെ വർഗ്ഗീയതയ്ക്കെതിരേ സുവിശേഷം" എന്ന വിഷയമായിരുന്നു എല്ലാവരും ചേർന്നു പഠിച്ചത്. സ്നേഹവാനായ ദൈവം, സർവ്വശക്തിയുള്ള പിതാവായി ആകാശവും ഭൂമിയും സർവ്വവും സൃഷ്ടിച്ചവനും എല്ലാവരുടെയും പിതാവും ഉറവയും ലക്ഷ്യവുമാകയാൽ എല്ലാ വർഗ്ഗീയതയും സുവിശേഷത്തിനെതിരാണ്. പാശ്ചാത്യ സഭകൾ പഠിപ്പിക്കുന്ന ദൈവശാസ്ത്രമല്ല ഓർത്തഡോക്സ് സഭയുടേത്. യേശു മിശിഹായുടെ മനുഷ്യാവതാരവും വി. ത്രിത്വവും ഏകവും വിശുദ്ധവും കാതോലികവും അപ്പോസ്തോലികവുമായ സഭയും ദൈവരാജ്യവുമാണ് ഓർത്തഡോക്സ് സഭയുടെ ദൈവശാസ്ത്രത്തിന്റെ കേന്ദ്രം. അതിന്റെ പ്രേഷിതവൃത്തി വേദപുസ്തകത്തിലധിഷ്ഠിതമാണ്. ദൈവസ്നേഹത്തെ കേന്ദ്രമാക്കിയുള്ളതുമത്രെ. വർഗ്ഗീയതകൾ സഭാ സംബന്ധമായോ രാഷ്ട്രീയമായോ ഭാഷകളെ കേന്ദ്രീകരിച്ചോ സംസ്ക്കാരങ്ങളെ കേന്ദ്രീകരിച്ചോ ഉള്ളവയാകയാൽ ഭാഗികങ്ങളാണ്. 'നിന്റെ രാജ്യം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ' എന്ന വിശാല ഉദ്ദേശ്യമാണ് സഭയുടെ Missiology. യേശു ക്രിസ്തുവിനും പരിശുദ്ധാത്മാവിനുമുള്ള ആഗോളഭരണവും അപ്രമാദിത്വവും പരമാധികാരവും ചരിത്രത്തിൽ ആർക്കും കൊടുത്തതായി വേദപുസ്തകത്തിലില്ല. യേശുക്രിസ്തുവാണ് സഭയുടെ ശിരസ്സ്. ആ ശിരസ്സിന്റെ ഹിതം അന്ത്യന്യായവിധിയിൽ ചെമ്മരിയാടിനെയും കോലാടിനെയും തരം തിരിക്കുമ്പോൾ സകലജാതിയെയും രക്ഷിക്കുന്നതിന്റെ അടിസ്ഥാനം സ്നേഹപ്രവൃത്തികളും, ശിക്ഷിക്കുന്നതിന്റെ അടിസ്ഥാനം സ്വാർത്ഥതയുമത്രെ (മത്തായി 25:31).

അനേകം മതങ്ങളും ജാതികളും ഭാഷകളും ഉള്ള ഭാരതത്തിൽ പല വിശ്വാസങ്ങളാകയാൽ അവ ഏക അടിസ്ഥാനത്തിൽ ഏകീകരിപ്പാൻ സാദ്ധ്യമല്ല. അല്പം സാദ്ധ്യതയുള്ളത് സ്നേഹത്തിന്റെയും പങ്കിടീലിന്റെയും അടിസ്ഥാനത്തിൽ മാത്രമാണ്. "സ്നാനം കഴിപ്പാനല്ല സുവിശേഷം അറിയിപ്പാനത്രെ ക്രിസ്തു എന്നെ അയച്ചത്..." (1 കൊരി. 1:17) എന്ന പൗലോസിന്റെ മുദ്രാവാക്യം ആധുനിക ഭാരതത്തിൽ എല്ലാ സഭകളും സ്വീകരിക്കേണ്ടതത്രെ. പല സംസ്ക്കാരങ്ങൾക്കും ജാതികൾക്കും യോജിക്കാവുന്ന ഏക സുവിശേഷമാണ് "ദൈവം സ്നേഹം" എന്നുള്ളത്. ദുഷ്ടന്മാർക്കും നീതിമാന്മാർക്കും മഴ പെയ്യിക്കുന്ന ദൈവസ്നേഹത്തിന്റെ സുവിശേഷമാണ് ഭാരതത്തിന് ഇന്ന് ആവശ്യമായിരിക്കുന്നത്.

**2) സെന്റ് ഗ്രീഗോറിയോസ് ശാന്തിഗ്രാം.**

1997-ൽ പ. സുന്നഹദോസിന്റെ നിർദ്ദേശപ്രകാരം ഡൽഹി ഭദ്രാസനാധിപൻ ആഗ്രഹിച്ച ഒരു മിഷൻ കേന്ദ്രം ഡൽഹിയിൽ തുടങ്ങുവാൻ ബലഹീനനായ എന്നെയും ഡൽഹിയിലേക്കയച്ചു. ഭദ്രാസനാധിപന്റെ അദ്ധ്യക്ഷതയിൽ നടന്ന വൈദിക യോഗത്തിലും സെന്റ് പോൾസ് സ്ക്കൂൾ കമ്മറ്റിയിലും കൗസ്ഹാസ് ഇടവകയിലെ ചുമതലക്കാരുടെയും മറ്റ് ക്ഷണിതാക്കളുടെയും സമ്മേളനത്തിലും ഈ എഴുത്തുകാരൻ സംബന്ധിക്കുകയും മിഷന്റെ ആവശ്യത്തെക്കുറിച്ച് എല്ലാവരേയും ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. അന്നത്തെ യോഗത്തിൽ എന്നെ പ്രസിഡന്റായും, കെ. ഐ. ഫിലിപ്പ് റമ്പാനെ ഡയറക്ടർ ആയും തെരഞ്ഞെടുത്തുവെങ്കിലും പ്രവർത്തനങ്ങളെല്ലാം നടത്തിയത് സോഫിയ സൊസൈറ്റിയുടെ പ്രസിഡന്റും ശാന്തിഗ്രാം പ്രോജക്ട് ചെയർമാനുമായ ആബൂൻ മാർ പീലക്സീനോസും സഹപ്രവർത്തകരുമത്രെ. ശാന്തിഗ്രാമിന്റെ ഇതഃപര്യന്തമുള്ള ചെലവുകളെക്കുറിച്ച് ഭദ്രാസന സെക്രട്ടറി ബഹു. എം. സി. പൗലോസ് അച്ചൻ ഫാക്സ് ചെയ്ത വസ്തുതകൾ താഴെ ചേർക്കുന്നു. ആകെ ഭൂമി 25 ഏക്കർ. അതിൽ 10 ഏക്കർ കൗസ്ഹാസ് കത്തീഡ്രൽ 40 ലക്ഷം രൂപയ്ക്ക് വാങ്ങിച്ചു. ബാക്കി 15 ഏക്കർ സ്ഥലം 60 ലക്ഷം രൂപായ്ക്ക് ഡൽഹി ഭദ്രാസനത്തിന്റെ പേരിൽ വാങ്ങിച്ചു. ഈ 60 ലക്ഷം രൂപാ അഭി. തിരുമേനിയുടെ അമേരിക്ക ഗൾഫ് നാടുകളിലെ സന്ദർശനങ്ങളിൽ നിന്നും പള്ളികളിൽ നിന്നും കിട്ടിയ സംഭവനകൾ ചേർത്താണ് വാങ്ങിച്ചത്. കെട്ടിടങ്ങളുടെ നിർമ്മാണച്ചെലവ്; സ്ക്കൂൾ കെട്ടിടം രണ്ട് നിലകളിലായി 42 ലക്ഷം രൂപാ ചെലവഴിച്ചാണ് പണിയിച്ചത്. ആശുപത്രി കെട്ടിടത്തിന് 35 ലക്ഷം രൂപാ ചെലവഴിച്ചു. ഇതിൽ 25 ലക്ഷം രൂപാ ദുബായ് ഇടവക നൽകി. ഷാർജാ മാർ ഗ്രീഗോറിയോസ് ശാന്തിസദൻ എന്ന പ്രധാന

കെട്ടിടം ഷാർജ ഇടവകയുടെ സിൽവർ ജൂബിലി സ്മാരകമായിട്ട് 25 ലക്ഷം രൂപാ നൽകി. അതിന്റെ ബാക്കി പണികൾ തീർക്കുവാൻ ബാങ്കിൽ നിന്നും 50 ലക്ഷം രൂപാ വസ്തു ഇടിന്മേൽ ലോൺ എടുത്തു. ഡൽഹി അരമനയിൽ നിന്ന് 25 കിലോമീറ്ററും ഫരീദബാദിൽ നിന്ന് 22 കിലോമീറ്ററും അകലെയുള്ള ഈ ശാന്തിഗ്രാം പണിതുകൊണ്ടിരിക്കുന്നത്, ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ പേര് നിലനിർത്തുവാനും പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിലുമാണ്. ഇപ്പോൾ 350 കുട്ടികൾ ആ സ്ക്കൂളിൽ പഠിക്കുന്നു. ഇതിൽ നല്ല പങ്ക് വിദ്യാർത്ഥികളും യാതൊരുഫീസും കൊടുക്കുവാൻ നിവൃത്തിയില്ലാത്തവരാണ്. ശാന്തിഗ്രാമിൽ ഒരു ബാലഭവനവും, മാനസിക രോഗികളായ കുട്ടികൾക്കുള്ള ഒരു ഭവനവും എയ്ഡ്സ് രോഗികളുടെ കുട്ടികൾക്കായുള്ള ഒരു ഭവനവുമെല്ലാം നടത്തുവാനുള്ള കെട്ടിടമാണ് പണിതിരിക്കുന്നത്. വലിയതുക ബാങ്കിൽ നിന്നും എടുത്തുകൊണ്ടുള്ള പ്രവർത്തനമാണ് നടക്കുന്നത്. രോഗിയും ക്ഷീണിതനുമായ ആബൂന്റെ കടം വീട്ടേണ്ടത് മലങ്കരസഭയുടെ ഏറ്റവും പ്രധാന കടമയായി കാണേണ്ടതാണ്. കടത്തോടുകൂടി പലിശയും ചേർത്ത് സ്ഥലം ബാങ്ക് ജപ്തി ചെയ്യുവാനുള്ള സാദ്ധ്യത വരാതിരിക്കുവാൻ സഭയും സഭാ സ്നേഹികളും സഹായിക്കേണ്ടതാണ്. ഇപ്പോൾ 10 ആളുകൾ മാത്രം അവിടെ താമസിച്ച് സ്ക്കൂൾ നടത്തുകയും കൃഷി ചെയ്യിക്കുകയും യാമപ്രാർത്ഥനകൾ നടത്തുകയും ചെയ്യുന്നു. സെന്റ് ഗ്രീഗോറിയോസ് ശാന്തിഗ്രാമിന്റെ വളർച്ചയുടെ ചുമതല നടപ്പിലാക്കുവാൻ അവിടത്തന്നെ ഒരു സന്യാസി പ്രസ്ഥാനവും വിവാഹിതരായ പട്ടക്കാരും മിഷനറി താല്പര്യമുള്ള യുവതീയുവാക്കളും ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. "ദൈവത്തിന് ഒരു കാര്യവും അസാദ്ധ്യമല്ല" എന്ന വിശ്വാസത്തോടുകൂടിയാണ് ആബൂൻ ഗ്രാമങ്ങളുടെ മക്കദോന്യവിളി കേട്ട് ഈ വലിയ വേല ആരംഭിക്കുന്നത്. NAMS-ന്റെ സമ്മേളനത്തിന് വന്ന എല്ലാവരും ഈ കേന്ദ്രവും താഴെ പറയുന്ന അരാവല്ലിയും സന്ദർശിച്ചു. NAMS-ന്റെയും സഭാമിഷൻ ബോർഡിന്റെയും ബാഹ്യകേരള മിഷൻ ആക്സിലറിയുടെയും സഭ മുഴുവന്റെയും ശ്രദ്ധ ശാന്തിഗ്രാമിലേക്ക് തിരിയേണ്ടതാണ്. ഡൽഹി ഭദ്രാസനത്തിന് കീഴിലുള്ള യു.എ.ഇ. യിലെ എല്ലാ പള്ളികളും വിശിഷ്യ ഷാർജാ, ദുബായ്, അബുദാബി പള്ളികളുടെയും സഹായങ്ങൾ തുടരുമെന്നാണ് എനിക്കുള്ള വിശ്വാസം.

**3) അരാവല്ലിമലകളുടെ ഗോൾഡൻ കൊടുമുടിയിലുള്ള ആശ്രമം**

അഭി. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി, ജനീവയിൽ ഡബ്ല്യു. സി. സി. യുടെ വിവിധ ചുമതല വഹിച്ച സമയം മിച്ചം വച്ചുകൊണ്ട് വാങ്ങിച്ച 2 ഏക്കർ സ്ഥലത്ത് ഒരു കെട്ടിടത്തിന് അടിസ്ഥാനമിടുകയും ഒടുവിൽ തന്റെ മരണപത്രിക അനുസരിച്ച് ഡൽഹി ഭദ്രാസനത്തിന് അത് കൊടുക്കുകയും ചെയ്തു. എന്നാൽ വർഷങ്ങളായി അവഗണിക്കപ്പെട്ടിരുന്ന ആ മനോഹരകുന്ന് ഇപ്പോൾ 2 നിലയുള്ള ആശ്രമ കെട്ടിടവും മനോഹരമായ ഒരു വലിയ ചാപ്പലും പണിതീർത്ത് പ്രവർത്തനങ്ങൾക്കായി കാത്തിരിക്കുന്നു. ഇതിന്റെ മൊത്തം ചെലവ് 52 ലക്ഷം രൂപയാണ്. ഇതിനുവേണ്ടി 25 ലക്ഷം അബുദാബി സെന്റ് ജോർജ്ജ് ഇടവക സംഭാവനയായി നൽകി. ബാക്കി അഭി. പീലക്സീനോസ് തിരുമേനി ക്രമീകരിച്ചു. ആ മലയുടെ മുകളിൽ നിന്നാൽ ഡൽഹി മുഴുവൻ കാണുവാൻ തക്ക ഉയരത്തിലാണ് ആശ്രമ കെട്ടിടങ്ങൾ പണിതിരിക്കുന്നത്. ഡൽഹിയിലെ പട്ടണവാസികൾക്ക് കോൺഫറൻസ് നടത്തുവാനുള്ള സൗകര്യങ്ങളും മറ്റും അവിടെയുണ്ട്. എം.റ്റി.എച്ച് എങ്കിലും പാസ്സായ ഒരു സന്യാസി പട്ടക്കാരൻ അവിടെ താമസിച്ച് നിരന്തരം പ്രാർത്ഥിക്കുകയും കുറെ സന്യാസിമാരെ അവിടേക്ക് ആകർഷിക്കുകയും ചെയ്താൽ ഇത് മാതൃകാ ആശ്രമമായിട്ട് വളരും. ഭദ്രാസനം ആ അരാവല്ലി കുന്ന് വിൽക്കുവാൻ ചിന്തിച്ചുവെങ്കിലും അഭി. പീലക്സിനോസ് തിരുമേനിയുടെ ആഗ്രഹപ്രകാരം ഏറ്റവും മനോഹരമായ രണ്ട് കെട്ടിടങ്ങളാണ് അവിടെ പണിതിരിക്കുന്നത്. 5 വർഷം മുൻപ് ഞാൻ സന്ദർശിച്ച ആ കേന്ദ്രം അന്ന് ദുഃഖപൂർണ്ണമായിരുന്നുവെങ്കിൽ ഇപ്പോൾ അത് കണ്ടപ്പോൾ വളരെ സന്തോഷം തോന്നി.

NAMS-ന്റെ ഒരു യൂണിറ്റ് ഡൽഹിയിൽ ഉണ്ടാകുവാൻ കൗസ്ഹാസ് കത്തീഡ്രലിലെ വികാരിമാർ അഭി. തിരുമേനിയെ സമീപിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. മിഷനിൽ അതീവ താൽപര്യമുള്ള തിരുമേനി അതും ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സർവ്വശക്തനും സ്നേഹവാനുമായ ദൈവത്തിന്റെ അദൃശമായ കരം അഭി. തിരുമേനിയെ ആരോഗ്യത്തോടും ദീർഘായുസ്സോടുംകൂടി കാക്കുകയും അദ്ദേഹത്തിന്റെ നല്ല ആഗ്രഹങ്ങൾ പൂവണിയട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**4. ജനക്പുരി പള്ളിയും കൽക്കാജി കൺവെൻഷനും**

ഡൽഹിയിലെ രണ്ടാമത്തെ പള്ളിയായ ജനക്പുരി പള്ളിയിലെ ഇപ്പോഴത്തെ വികാരി ബഹു. പി.എ. ഫിലിപ്പ് അച്ചൻ ആണ്. എല്ലാ മാസത്തെയും രണ്ടാം ശനിയാഴ്ച വൈകിട്ടും രാത്രി മുഴുവനും അവിടെ മദ്ധ്യസ്ഥ പ്രാർത്ഥനയും സുവിശേഷ പ്രസംഗങ്ങളും ക്രിസ്തീയ ഗാനാലാപനങ്ങളും ധ്യാനവും എല്ലാം വിജയകരമായി നടക്കുന്നു. ഒക്ടോബർ 11-ാം തീയതി രാത്രി അരമണിക്കൂർ സമയം ഈ ധ്യാനത്തിൽ സംബന്ധിച്ച് ദൈവവചനം പറയുവാൻ എനിക്ക് അവസരം ലഭിച്ചു.

പിറ്റേന്ന് ഞായറാഴ്ച രാത്രിയിൽ അരമനയ്ക്ക് അത്ര വിദൂരമല്ലാത്ത തുഗ്ലക്കാബാദ് സെന്റ് തോമസ് ഇടവകയുടെ ആഭിമുഖ്യത്തിലുള്ള കാൽക്കാജി കൺവെൻഷന് റവ. ഡോ. മർക്കോസ് ജോസഫ് അച്ചന്റെ പ്രസംഗം കഴിഞ്ഞ് ബലഹീനനായ ഞാനും 1 കൊരി. 13:13 ആധാരമാക്കി പ്രസംഗിച്ചു. ഞായറാഴ്ച രാവിലെ കൗസ്ഹാസ് കത്തീഡ്രലിൽ വി. കുർബ്ബാന അർപ്പിക്കുകയും നാംസിന്റെ സമാപന സമ്മേളനം നടത്തുകയും ചെയ്തതിന്റെ ശേഷമാണ് ബഹു. എം. സി. പൗലോസ് അച്ചൻ അഭി. തിരുമേനിയുടെ കാറിൽ ശാന്തിഗ്രാമും അരാവല്ലിയും സന്ദർശിക്കുവാൻ എന്നെ കൊണ്ടുപോയത്.

35-ാം NAMS ന്റെ മീറ്റിംഗ് ഇന്ത്യയുടെ തലസ്ഥാനത്തായിരുന്നതിനാൽ അതിന് അനുസരിച്ചുള്ള ഏറിയ സ്റ്റാന്റേർഡും പ്രയോജനവും ഉണ്ടായതിൽ അഭി. തിരുമേനിയോടും കൗസ്ഹാസ് കത്തീഡ്രൽ വികാരിയോടും പള്ളി കമ്മറ്റിയോടും ആത്മീയ സംഘടനകളോടും മറ്റേവരോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു. ഒരു കാലത്ത് കൗസ്ഹാസ് പള്ളി മാത്രമുണ്ടായിരുന്ന ഡൽഹിയിൽ ഇപ്പോൾ 14 പള്ളികൾ ഉണ്ടെന്നുള്ളത് ഭദ്രാസനത്തിന്റെ ദ്രുതഗതിയിലുള്ള വളർച്ചയെ കാണിക്കുന്നു. അനേകം വൈദികർ അവിടെ ഉണ്ട് എന്നുള്ളതാണ് അവിടുത്തെ ഒരു വിജയരഹസ്യം. തുടർന്നുള്ള പുരോഗതിക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ





# ഞായർദിന ചിന്തകൾ

**ഫാ. ഡോ. ജേക്കബ് കുര്യൻ**

**ഡിസംബർ 21**
**കർത്താവിന്റെ ജനനപ്പെരുനാളിനു മുമ്പുള്ള ഞായറാഴ്ച**
**അപ്പോ. പ്ര. 3:16–26; റോമ. 4:13–25; ലൂക്കോ. 3:23–38**

യേശുവിന്റെ വംശാവലിയെയും, മനുഷ്യാവതാരത്തിന്റെ ചരിത്ര ബന്ധത്തെയും, മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തെയും അനുസ്മരിക്കുന്ന ദിനമാണിത്.

1. ഏതൊരു യഹൂദ പുരുഷനും നിർബ്ബന്ധമായും കരുതി വയ്ക്കുന്നതാണ് വംശാവലി. യേശുവിനും ഒരു വംശാവലിയുണ്ടെന്നു തെളിയിക്കുവാൻ വി. മത്തായിയും (1:1–16) വി. ലൂക്കോസും (3:23–38) ശ്രദ്ധിച്ചിരിക്കുന്നു. രണ്ടു വംശാവലികൾക്കും അതാതിന്റേതായ പ്രത്യേകതകൾ ഉണ്ട്. വി. മത്തായി അബ്രഹാമിൽ തുടങ്ങുന്ന, പരമ്പരാഗത രീതിയിലുള്ള വംശാവലി അവതരിപ്പിക്കുമ്പോൾ, വി. ലൂക്കോസ് ആദ്യപിതാവായ ആദാമിലും ആദാമിൽ കൂടി ദൈവത്തിലും എത്തുന്ന പുതുമകളേറെയുള്ള വംശാവലി അവതരിപ്പിക്കുന്നു.

2. മനുഷ്യാവതാരത്തിന്റെ ചരിത്രപരമായ ആധികാരികതയ്ക്ക് വളരെ പ്രാധാന്യമുണ്ട്. നൂറ്റാണ്ടുകൾ കഴിയുമ്പോൾ ഒരു കെട്ടുകഥയായും, "മിത്ത്" ആയും മാറുന്ന പ്രതിഭാസമാണ് പഴയ സംഭവങ്ങൾക്കൊക്കെ കാണുന്നത്. യേശുക്രിസ്തു ചരിത്രത്തിന്റെ കേന്ദ്രമായിത്തീർന്ന ചരിത്ര പുരുഷനും, ലോകരക്ഷയുടെ ചരിത്രമുഖാന്തിരവും എന്നുള്ള വസ്തുതയെ ഊന്നിപ്പറയുവാനാണ് പിതാക്കന്മാർ, ജനനപ്പെരുന്നാളിനു മുമ്പുള്ള ഞായറാഴ്ച ഇപ്രകാരമൊരു ചർച്ചയ്ക്കായി മാറ്റിവച്ചത്. "കാലം തികഞ്ഞ"തിന്റെ ചരിത്ര സത്യവും, സമയത്തെ നിത്യതയുമായി ബന്ധിച്ച സംഭവവും ആർക്കും കെട്ടുകഥയാക്കി മാറ്റാൻ സാധ്യമല്ല.

3. സുറിയാനി സഭാചരിത്രത്തിൽ മാർത്തോമ്മാ ശ്ലീഹാ അനുസ്മരിക്കപ്പെടുന്ന ദിനങ്ങളാണ് ഡിസംബർ 18 മുതൽ 21 വരെ. ഭാരതത്തിന്റെ അപ്പോസതോലനായ "മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാൾ ക്രമം" എന്ന പുരാതന സുറിയാനി പെങ്കീസാ രേഖയിലാണ്. കോനൂൻക്ദീം മാസം (ഡിസംബർ) 18-ന് മാർത്തോമ്മാ ശൂലത്താൽ കുത്തപ്പെട്ടു വെന്നും 21-ന് ജീവനെ വെടിഞ്ഞ് 'കലാമിനാ' (മൈലാപ്പൂർ) യിൽ സംസ്ക്കാരം ചെയ്യപ്പെട്ടു വെന്നും ഉറഹാ (എഡേസാ) യിൽ നിന്നും വന്ന ഒരു ഭക്തൻ തിരുശേഷിപ്പ് അങ്ങോട്ടു കൊണ്ടുപോയി അവിടെ പണിത പള്ളിയിൽ തോമൂസ് (ജൂലായ്) മാസം മൂന്നിന് തിരുശേഷിപ്പു പ്രതിഷ്ഠിച്ചുവെന്നും പറയുന്നത്. എന്നാൽ, ജൂലൈയ് മൂന്ന് തന്നെ ആണ് മറ്റൊരു പ്രബല പാരമ്പര്യ പ്രകാരം മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വദിനം. മലങ്കര സഭയിൽ ജൂലയ് മൂന്നിനും ഡിസംബർ ഇരുപത്തൊന്നിനും പ്രാധാന്യം കൊടുത്തിട്ടുണ്ട് എങ്കിലും, രക്തസാക്ഷിത്വത്തിന്റെ ദിനമായി ഡിസംബർ ഇരുപത്തൊന്നും മാർത്തോമ്മാ ശ്ലീഹായുടെ പൊതു അനുസ്മരണ ദിനമായി ജൂലായ് മൂന്നും ആചരിക്കപ്പെടുന്നു വെന്നു പറയാം. "ജീവാവസാനം ഓർത്ത് വിശ്വാസം അനുകരിപ്പിൻ" എന്ന വചനം (എബ്രാ. 13:7) ആണ് പരിശുദ്ധഗണങ്ങളുടെ അനുസ്മരണയുടെ അടിസ്ഥാനം.

4. യഹൂദചരിത്രത്തിനു പ്രത്യേകമായും, മാനവചരിത്രത്തിനു പൊതുവായും യേശുക്രിസ്തു ബന്ധപ്പെട്ടിരിക്കുന്നു എന്ന വസ്തുതയാണ് വംശാവലികൾ എടുത്തു പറയുന്നത്. യഹൂദ പതിവിനു വിപരീതമായി പുതിയനിയമത്തിലെ വംശാവലികൾ പുരുഷന്മാരുടെ മാത്രം കുത്തകയല്ല, സ്ത്രീകളും അവയിൽ പരാമർശിക്കപ്പെടുന്നു. യഹൂദർ മാത്രമല്ല യഹൂദേതരും അതിലുണ്ട്; നീതിമാന്മാർ മാത്രമല്ല പാപികളും വംശാവലിയിൽ സ്ഥാനം പിടിച്ചിരിക്കുന്നു. ചുരുക്കത്തിൽ, മനുഷ്യരെല്ലാം ഒരർത്ഥത്തിൽ ദൈവത്തിന്റെ മക്കളാണ്

**ഒരു പ്രവാസകാലം ദൈവമക്കളുടെ ലക്ഷ്യപ്രാപ്തിക്ക് അനിവാര്യമെന്നു തോന്നുന്നു. അബ്രഹാമിനും, യാക്കോബിനും, യൗസേഫിനും, മോശയ്ക്കും, ദാവീദിനും, ഒക്കെ ഈ അനുഭവം പല സാഹചര്യങ്ങളിലായി ഉണ്ടാകുന്നുണ്ട്. ഒരു വിധത്തിൽ പറഞ്ഞാൽ വിവിധ മതചരിത്രങ്ങളിലും ഒരു പ്രവാസത്തിന്റെ പ്രത്യേക പ്രാധാന്യം കാണുവാൻ കഴിയും. ആരെല്ലാം ധർമ്മത്തിനുവേണ്ടി നിന്നുവോ അവർക്കെല്ലാം പ്രവാസത്തിന്റെ അനുഭവം ഉണ്ടായതായി കാണാം.**



**ഞായർദിന ചിന്തകൾ**

എന്ന് അനുമാനിക്കാവുന്ന വചനമാണ് വി. ലൂക്കോസിന്റെ വംശാവലിയുടെ സമാപന വാക്യം "ആദാം ദൈവത്തിന്റെ മകൻ". എന്നാൽ ദൈവമക്കളുടെ അവസ്ഥയിൽ നിന്ന് വ്യതിചലിച്ചവരെ യഥാസ്ഥാനപ്പെടുത്തുന്ന ദൈവസ്നേഹത്തിന്റെ സംക്ഷിപ്തവിവരണമായി വംശാവലികളെ കാണാവുന്നതാണ്.

ക്രിസ്തുമസ് ദൂതിനുള്ള ചില കുറിവാക്യങ്ങൾ

1. "ഹെരോദാവ് അതു കേട്ടിട്ടു അവനും യെരുശലേം ഒക്കെയും ഭ്രമിച്ചു" (മത്താ. 2:3)–ദൈവത്തിന്റെ ഇടപെടൽ അനീതിയുടെ ഘടനകളെയും സേവകരെയും ഭ്രമിപ്പിക്കും.

2. "നിങ്ങൾ ചെന്നു ശിശുവിനെക്കുറിച്ചു സൂക്ഷ്മമായി അന്വേഷിപ്പിൻ; കണ്ടെത്തിയാൽ ഞാനും ചെന്നു അവനെ നമസ്ക്കരിക്കേണ്ടതിനു വന്നു എന്നെ അറിയിപ്പീൻ" (മത്താ. 2:8). സത്യത്തിന് സ്വയം അന്തകനായി മാറുവാൻ കാപട്യത്തിന്റെ മുഖം മൂടിയണിഞ്ഞ ദൈവാന്വേഷണം എക്കാലവും ഉണ്ട്.

3. "അവർ വേറേ വഴിയായി സ്വദേശത്തേക്ക് മടങ്ങിപ്പോയി" (മത്താ. 2:12) ദൈവപുത്രന്റെ യഥാർത്ഥ ദർശനം നടന്നവർക്ക് ജീവിതത്തിൽ ഒരു വഴിമാറ്റം ഉണ്ടായേ പറ്റൂ.

4. "ശീലകൾ ചുറ്റി, വഴിയമ്പലത്തിൽ അവർക്കു സ്ഥലം ഇല്ലായ്കയാൽ പശുത്തൊട്ടിയിൽ കിടത്തി" (ലൂക്കോ. 2:7, 2:12)

കീറ്റുശീലകൾ, ബന്ധങ്ങൾ ദുർബലമായ ഒരു ലോകത്തിന്റെ പ്രതീകം; വലിയമ്പലത്തിൽ സ്ഥലം കിട്ടാത്തയവസ്ഥ, ആഗോളവൽക്കരണത്തിന്റെ ഭാഗമായ തിരസ്ക്കരണത്തിന്റെ അവസ്ഥയാണ്; പശുത്തൊട്ടി, പരിസ്ഥിതീരമ്യമായ ഒരു സാഹചര്യത്തിൽ തിരസ്ക്കരണത്തിന് പ്രസക്തിയില്ലെന്ന് പഠിപ്പിക്കുന്നു.

5. "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം" (ലൂക്കോ. 2:14) മനുഷ്യരുടെയിടയിലെ യഥാർത്ഥ സമാധാനം ദൈവപ്രസാദമുള്ള അഥവാ ദൈവഹിതത്തിന് വിധേയപ്പെടുന്ന മനസുകൾക്കാണ്.

6. "നാം ബേത്‌ലഹേമോളം ചെന്ന്, കർത്താവു നമ്മോടു അറിയിച്ച ഈ സംഭവം കാണേണം...." (ലൂക്കോ. 2:15) നിർമ്മലമാനസർക്ക് കർത്താവിനെ കാണാനുള്ള ആഗ്രഹവും അതിനായുള്ള അന്വേഷണവും സത്വരം നടക്കും; ഹേരോദേസുമാർക്ക് അതൊരിക്കലും നടക്കില്ല; യഥാർത്ഥ വിജ്ഞാനികൾക്ക് ആകാശത്ത് നക്ഷത്രവും, ഭൂമിയിൽ പ്രവാചക സാക്ഷ്യങ്ങളും കർത്താവിങ്കലേക്ക് നയിക്കും.

7. "വചനം ജഡമായിത്തീർന്നു; കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്നു ഏകജാതനായവന്റെ തേജസ്സായി കണ്ടു" (യോഹ. 1:14).

**ഡിസംബർ 28**
**ജനനപ്പെരുന്നാളിനു ശേഷമുള്ള ഒന്നാം ഞായറാഴ്ച**
**അപ്പോ. പ്ര. 16:6–10; 1 കൊരി. 10:1–13; മത്തായി 2:9–15, 19–23**

വിദ്വാന്മാരുടെ വരവും, മിസ്രയീമിലേക്കുള്ള ഓടിപ്പോക്കും അവിടെ നിന്നുള്ള തിരിച്ചുവരവും ആണ് ഈ ദിവസത്തിന്റെ പ്രധാന വിഷയങ്ങൾ.

വി. മത്തായിയുടെ സുവിശേഷ പ്രകാരം, വിദ്വാന്മാർ യേശുകുഞ്ഞിനെ കാണുന്നത് ബേത്‌ലഹേമിലെ ഒരു "വീട്ടിൽ" വച്ചാണ്. പശുത്തൊട്ടിയിൽ നിന്ന് യേശുവിനഭയം നൽകിയ ഒന്നുകിൽ ബന്ധുക്കളുടെ, അല്ലെങ്കിൽ അനുകമ്പ തോന്നിയ നല്ലവരായ ആരുടെയെങ്കിലും വീടായിരിക്കാം ഇത്. ഈ വീട്ടിൽ നിന്ന് ഹേരോദാവിന്റെ ശിശുവധ കല്പനയിൽ നിന്ന് രക്ഷപെടുവാൻ ദൈവിക വെളിപാട് അനുസരിച്ച് മിസ്രയിമിലേക്ക് ഓടിപ്പോകുന്നു.

ഹേരോദാവ് എന്നത് ഔഗസ്തസ് കൈസറുടെ സാമന്തനായിരുന്ന "വലിയവനായ ഹേറോദ" എന്നറിയപ്പെടുന്ന യഹൂദ രാജാവിനെയാണ് സൂചിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ ഭരണ കാലഘട്ടം ബി. സി. 37 മുതൽ 4 വരെയായിരുന്നു. യേശുവിന്റെ കാലത്തെ യരുശലേം ദേവാലയം പുതുക്കി പണിയിപ്പിച്ചതിദ്ദേഹം ആയിരുന്നു. യേശു ജനിച്ചപ്പോൾ ഭ്രമിച്ചത് ഇദ്ദേഹം തന്നെ. ശിശുക്കളെ കൊല്ലാൻ കല്പന കൊടുത്തതും ഇയാൾ. പക്ഷേ, ആ വർഷം തന്നെ അയാൾ മരിച്ചു. മകനായ ഹെരോദാ അർക്കലെയോസ് യഹൂദ്യയിൽ ഭരിച്ചത് ഏറെക്കുറെ അപ്പന്റെ കാഠിന്യത്തോടെയായതിനാലാണ്, യൗസേഫും മറിയാമും യേശുവും മിസ്രയീമിൽ നിന്നു തിരിച്ച് ഗലീലയിലേക്ക് പോയത്. ഗലീലയിൽ, ഹേരോദാവിന്റെ മകനും അർക്കലയോസിന്റെ സഹോദരനുമായ ഹേരോദാ അന്തിപ്പാസ് ആണ് ഭരിച്ചത്. ഈ അന്തിപ്പാസാണ് യോഹന്നാൻ സ്നാപകനെ വധിക്കുവാൻ വിധിച്ചതും യേശുവിനാൽ "കുറുക്കൻ" (ലൂക്കോ. 13:32) എന്ന് വിശേഷിപ്പിക്കപ്പെട്ടതും.

**1. കിഴക്കു നിന്നു വന്ന വിദ്വാന്മാർ**

"വിദ്വാന്മാർ" എന്നാൽ പണ്ഡിതന്മാരായ സത്യാന്വേഷികൾ ആയിട്ടാണ് മനസിലാക്കേണ്ടത്. പലസ്തീനു "കിഴക്കു"നിന്നാണവർ വന്നത്. അവർ നക്ഷത്ര ലക്ഷണങ്ങൾ പറവാൻ കഴിവുള്ളവരായിരുന്നു. ഈ കിഴക്കു ദേശം ഏതായിരുന്നു? പലതുകൊണ്ടും അവർ നമ്മുടെ ഭാരതത്തിലെ വിജ്ഞാനികളായിരുന്നിരിക്കാൻ സാധ്യതയുണ്ട്. ചരിത്രപരമായ പല തെളിവുകളും സൂചിപ്പിക്കുന്നത് ക്രിസ്തു വർഷാരംഭത്തിനു മുമ്പു തന്നെ ഭാരതം ("ഹിന്ദുദേശം") ലോകത്തിനു വിജ്ഞാനം പകർന്ന നാടായിരുന്നുവെന്നാണ്. ഗണിത ജ്യോതിശാസ്ത്ര പാരംഗതന്മാർ അന്നിവിടെ ഉണ്ടായിരുന്നു. പലരും അവർ "പേർഷ്യൻ വിബുദ്ധന്മാർ" ആയി പറയാറുണ്ടായിരുന്നത് പുരാതന കാലത്തെ ഇന്ത്യ വളരെ വിപുലവും പേർഷ്യ അതിന്റെ ഒരു ഭാഗവും ആയിരുന്നതിനാലാണെന്നു ചൂണ്ടിക്കാട്ടപ്പെടുന്നു. വിദ്വാന്മാർ എത്ര പേർ എന്ന് സുവിശേഷം വ്യക്തമായി പറയുന്നില്ല. മൂന്നു കാഴ്ച വസ്തുക്കൾ അവർ കൊണ്ടുവന്നതിനാലും, പുരാതന പാരമ്പര്യത്തിൽ അവർ മൂന്നു പേരായിരുന്നുവെന്നു വിശ്വസിക്കപ്പെടുന്നതിനാലും വിദ്വാന്മാരെ എപ്പോഴും മൂന്നു വ്യക്തികളായിട്ടാണ് കരുതപ്പെടുന്നത്. വിദ്വാന്മാർ കൊണ്ടുവന്നു കാഴ്ചവച്ച പൊന്ന്, യേശുവിന്റെ രാജത്വ സൂചനയും, മൂര് യേശുവിന്റെ പ്രവാചകത്വ സൂചനയും, കുന്തിരിക്കം യേശുവിന്റെ പൗരോഹിത്യ സൂചനയും ആയി വ്യാഖ്യാനിക്കപ്പെടുന്നു.

2. ഹേരോദാവ് കല്പനയിറക്കിയ ശിശുഹത്യയിൽ നിന്ന് രക്ഷപെടുവാൻ ദൈവിക പദ്ധതി പ്രകാരം യേശുവുമായി യൗസേഫും മറിയാമും മിസ്രയിമിലേക്ക് ഓടിപ്പോകേണ്ടിവന്നു. ഒരു പ്രവാസകാലം ദൈവമക്കളുടെ ലക്ഷ്യപ്രാപ്തിക്ക് അനിവാര്യമെന്നു തോന്നുന്നു. അബ്രഹാമിനും, യാക്കോബിനും, യൗസേഫിനും, മോശയ്ക്കും, ദാവീദിനും, ഒക്കെ ഈ അനുഭവം പല സാഹചര്യങ്ങളിലായി ഉണ്ടാകുന്നുണ്ട്. ഒരു വിധത്തിൽ പറഞ്ഞാൽ വിവിധ മതചരിത്രങ്ങളിലും ഒരു പ്രവാസത്തിന്റെ പ്രത്യേക പ്രാധാന്യം കാണുവാൻ കഴിയും. ആരെല്ലാം ധർമ്മത്തിനുവേണ്ടി നിന്നുവോ അവർക്കെല്ലാം പ്രവാസത്തിന്റെ അനുഭവം ഉണ്ടായതായി കാണാം. മഹാഭാരതകഥയിൽ ശ്രീകൃഷ്ണനും, പാണ്ഡവരും, രാമായണകഥയിൽ രാമനും സീതയും ലക്ഷ്മണനും, ഒക്കെ ഈ അനുഭവ സാക്ഷികളാണ്. ഇസ്ലാമികചരിത്രത്തിൽ മുഹമ്മദുനബിയുടെ മെക്രീനാപ്രവാസം ശ്രദ്ധേയമാണ്. പ്രവാസത്തിനൊടുവിൽ ഒരു യഥാസ്ഥാനപ്പെടലും മഹത്വപ്രാപ്തിയും എല്ലാ ധാർമ്മിക പ്രവാസങ്ങളുടെയും സന്ദേശമായിട്ടുണ്ട്. ആസ്യയിലെ വിലക്ക്, മക്കദോന്യയിലെ വിളിയുടെ (അപ്പോ. 16:6–10) നാന്ദിയാണ്. പ്രവാസത്തിന്റെ വ്യത്യസ്താനുഭവങ്ങളിൽ കൂടി കടന്നുപോകുന്നവർക്ക് 1 കൊരി. 10:11–13 ഒരു പ്രത്യേക ദൂതായിട്ടെടുക്കാം.

**2004 ജനുവരി 4**
**ജനനപ്പെരുന്നാളിനുശേഷമുള്ള രണ്ടാമത്തെ ഞായറാഴ്ച**
**1 യോഹ. 3:21–24; എബ്രാ. 11:23–31; ലൂക്കോ. 2:40–52**

യേശുവിന്റെ ബാല്യത്തിലെ സമഗ്രവളർച്ചയെയും, യേശുവിന്റെ കുടുംബാന്തരീക്ഷത്തിലെ കൗതുകമായ ഒരനുഭവത്തെയും ആണ് ഇന്നത്തെ പ്രധാന സുവിശേഷവായന അവതരിപ്പിക്കുന്നത്.

1. കുഞ്ഞുങ്ങളെ വളർത്തുന്നവർ ലക്ഷ്യമാകേണ്ട മൂന്നുകാര്യങ്ങളാണ് യേശുവിന്റെ സമഗ്ര വളർച്ചയുടെ സൂചനയിൽ കാണുന്നത്. "പൈതൽ വളർന്നു, ജ്ഞാനം നിറഞ്ഞു; ആത്മാവിൽ ബലപ്പെട്ടുപോന്നു, ദൈവകൃപയും അവന്റെ മേൽ ഉണ്ടായിരുന്നു." (ലൂക്കോ. 2:40)

ജ്ഞാനം, ആത്മബലം, ദൈവകൃപ ഈ മൂന്നു കാര്യങ്ങളിലൂടെ വളർന്നാലെ വളർച്ച സമ്പൂർണ്ണമാകുകയുള്ളൂ. ബുദ്ധിപരമായ അറിവിനോടൊപ്പം വിവേകവും ചേരുമ്പോഴേ അതു ജ്ഞാനമാകയുള്ളൂ. മാനസികവും ആത്മീയമായ ബലപ്പെടലിന് മനുഷ്യരോടും ദൈവത്തോടും നല്ല ബന്ധം ഉണ്ടാകേണ്ടതാണ്. ദൈവകൃപയുടെ താങ്ങൽ, സ്വാർത്ഥവും അഹങ്കാരവും ഇല്ലാതെ ദൈവഹിതത്തിനു സമർപ്പിക്കുന്നിടത്താണ് ഉണ്ടാകുന്നത്.

2. പന്ത്രണ്ടാം വയസിൽ യരുശലേമിൽ പെസഹാപെരുനാളിനു പോയിട്ടു വരുന്ന കുടുംബത്തിന്റെ അനുഭവം, ദൈവാരാധനയ്ക്കു പോകുന്ന കുടുംബങ്ങളെ പലതും ഓർമ്മിപ്പിക്കുന്നു.

ഒന്നാമതായി, ദൈവാരാധനയ്ക്ക് കുടുംബമായി പങ്കെടുക്കുന്നവർക്ക് താൽക്കാലിക നഷ്ടബോധങ്ങൾ ഉണ്ടായാലും ആത്യന്തികമായി സന്തോഷത്തിനായിട്ടത് പരിണമിക്കും. യേശുവിനെ കാണാതിരുന്നപ്പോൾ ഉണ്ടായ സങ്കടത്തെ അതിജീവിക്കുന്ന സന്തോഷമാണ് അവനെ അഭിമാനകരമായ സാഹചര്യത്തിൽ കണ്ടെത്തിയപ്പോൾ യൗസേഫിനും മറിയാമിനും ഉണ്ടായത്.

രണ്ടാമതായി ദൈവാരാധനയ്ക്ക് മക്കളോടൊപ്പം പങ്കെടുക്കുന്ന മാതാപിതാക്കൾക്ക്, തങ്ങളുടെ മക്കൾ നല്ലതു തെരഞ്ഞെടുക്കുന്നത് കണ്ട് സന്തോഷിക്കാം. "ഞാൻ എന്റെ പിതാവിനുള്ളതിൽ ഇരിക്കേണ്ടത്" എന്നു പറയുന്ന യേശുവിൽ, ലക്ഷ്യബോധമുള്ള, വിവേകമുള്ള, ഇളംതലമുറയുടെ നല്ല തിരഞ്ഞെടുപ്പിന്റെ ശബ്ദമാണ് കേൾക്കുന്നത്. മൂന്നാമതായി, ദൈവാരാധനയ്ക്ക് കുടുംബമായി പങ്കെടുക്കുന്ന അനുഭവത്തിൽ കൂടി മക്കൾ ബഹുമാനിക്കേണ്ടവരെ ബഹുമാനിക്കുവാനും അവർ തന്നെ അംഗീകരിക്കപ്പെടുവാനും ഇടയാകുന്നു. യേശു ദേവാലയത്തിലെ ചർച്ചാസദസിൽ, മുതിർന്നവരെ ബഹുമാനിച്ചുകൊണ്ട് ആ നല്ല സംസർഗ്ഗത്തിൽ നിന്ന് അഭിനന്ദനം പിടിച്ചുപറ്റി. "അവരുടെ ഉപദേശം കേൾക്കയും, അവരോടു ചോദിക്കയും" ചെയ്തുകൊണ്ട്, അവന്റെ വിവേകത്തിലും ഉത്തരങ്ങളിലും അവർക്ക് വിസ്മയം ഉളവാക്കി. ഗുരുത്വവും സജ്ജനസമ്പർക്കവും ഇല്ലാത്ത തലമുറ നാശത്തിന്റെ ലക്ഷണമാണ്.

**ജനുവരി 11**
**ദെനഹയ്ക്കു ശേഷം ഒന്നാം ഞായറാഴ്ച**
**അപ്പോ. പ്ര. 2:37–47; എഫേസ്യ. 1:3–14; മത്തായി 4:12–22**

**ഞായർദിന ചിന്തകൾ**

യേശുവിന്റെ ഗലീലയിലെ പ്രവർത്തനാരംഭത്തെക്കുറിച്ചും, പത്രോസ്, അന്ത്രയോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെ വിളിക്കുന്നതിനെക്കുറിച്ചും ഇന്നത്തെ സുവിശേഷ വായനയിൽ പറഞ്ഞിരിക്കുന്നു. യോഹന്നാൻ സ്നാപകനിൽ നിന്നു സ്നാനം പ്രാപിച്ച യേശു താൻ വളർന്ന ദേശമായ ഗലീലയിലേക്ക് തിരിച്ചു വന്നു. സ്നാനത്തിനു മുമ്പ് മിക്കവാറും കുറേ വർഷങ്ങൾ ഗലീല പ്രദേശത്ത് യേശുവിന്റെ സാന്നിധ്യം ഇല്ലായിരുന്നതിന്റെ സൂചനയാണ് സുവിശേഷങ്ങൾ നൽകുന്നത്. ഗലീലയിൽ തിരിച്ചെത്തിയെങ്കിലും നസ്രത്തിൽ പോകാതെ, കടൽക്കരയുള്ള കഫർന്നഹൂമിൽ താമസിക്കുവാൻ ഇടയായത്, യോഹന്നാൻ സ്നാപകനെതിരെ ക്രോധം പൂണ്ട് യോഹന്നാനെ തടവിലാക്കിയ ഹേരോദാ അന്തിപ്പാസിന്റെ നോട്ടപ്പുള്ളിയാകേണ്ട എന്നു വിചാരിച്ചിട്ടായിരിക്കണം.

1. യേശുവിന്റെ പ്രസംഗം വിഷയം സ്വർഗ്ഗരാജ്യവും മാനസാന്തരവും "അന്നു മുതൽ യേശു സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്നു പ്രസംഗം തുടങ്ങി" (മത്താ. 4:17). യേശുവിന്റെ സുവിശേഷ സത്യത്തിന്റെ ലക്ഷ്യം എന്നും സ്വർഗ്ഗരാജ്യവും മാർഗ്ഗം മാനസാന്തരവും ആണ്. അതിൽ കുറഞ്ഞ ലക്ഷ്യങ്ങളെ കേന്ദ്രീകരിച്ചുള്ള പ്രസംഗങ്ങൾ ഇന്ന് വർദ്ധിച്ചു വരുന്നുണ്ട്. ഉദ്ദിഷ്ഠകാര്യസിദ്ധിയും, ശാപം മുറിക്കലും, യേശുവിന്റെ നാമം വ്യഥാവായിട്ടെടുത്തുള്ള സുവിശേഷ സന്നാഹങ്ങളിൽ പ്രധാന താല്പര്യമായി വന്നുകൊണ്ടിരിക്കുന്നു. ജീവിത വ്യതിയാനം സാധിക്കാതെ ആർക്കും സ്വർഗ്ഗരാജ്യത്തിന്റെയും നിത്യജീവന്റെയും അനുഭവത്തിലേക്ക് പ്രവേശിപ്പാൻ സാധ്യമല്ല.

2. മനുഷ്യരെ പിടിക്കുന്നതിന്റെ മർമ്മം മനസിലാക്കിയ മീൻപിടുത്തക്കാർ

മീൻ പിടിക്കുന്നവരോട്, മനുഷ്യരെ പിടിക്കുവാൻ വരുക എന്നു പറഞ്ഞാൽ സ്വാഭാവികമായും അനുകൂല പ്രതിക

ഡീ. വർഗീസ് കെ. കെ., നല്ലില (കൺവീനർ)

# സ്നേഹ സന്ദേശം: ദൈവകൃപയുടെ പത്ത് വർഷങ്ങൾ

സഭയുടെ മിഷൻ രംഗത്ത് നൂതനാശയങ്ങളും പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പാക്കിയ മിഷൻ ബോർഡ് പ്രസിഡന്റ് അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ മനസിൽ വിരിഞ്ഞ മഹത്തായ ഒരാശയമാണ് മലങ്കര ഓർത്തഡോക്സ് സഭാ മിഷൻ ബോർഡിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്നേഹസന്ദേശം എന്ന സഭയുടെ സഞ്ചാര സുവിശേഷ പദ്ധതി. പ. ബാവാ തിരുമേനി പ്രധാന ചുമതലക്കാരനായിരിക്കുന്ന ഈ സുവിശേഷ പദ്ധതിക്ക് ആരംഭം കുറിച്ചത് 1993 ലാണ്. ദൈവത്തിന്റെ അനന്തമായ കൃപ അനർഗ്ഗളമായി ഈ ശുശ്രൂഷയിൽ വ്യാപരിക്കുന്നു എന്നത് അനുഭവവും അനേകരുടെ സാക്ഷ്യവുമാണ്. ഇതിനോടകം ഭാരതത്തിലെ 15 സംസ്ഥാനങ്ങളിലായി 1500-ഓളം ശുശ്രൂഷകൾ പൂർത്തീകരിച്ചു കഴിഞ്ഞു. ഈ ദൈവ കൃപയ്ക്ക് മുന്നിൽ ഞങ്ങൾ നമ്രശിരസ്ക്കരായിക്കൊണ്ട് സ്നേഹസന്ദേശം ഒക്ടോബർ നവംബർ മാസങ്ങളിൽ അതിന്റെ നാലാം ഉത്തരേന്ത്യൻ പര്യടനത്തിനായി ഒരുങ്ങുകയാണ്. മദ്ധ്യപ്രദേശ്, ഉത്തർപ്രദേശ്, ഡൽഹി, പഞ്ചാബ്, ഹരിയാന എന്നി സംസ്ഥാനങ്ങളുൾപ്പെട്ട ഭദ്രാസനത്തിലെ പള്ളികളാണ് ഈ പര്യടനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

മുഖ്യ ലക്ഷ്യങ്ങൾ

1. ഭാരത സുവിശേഷീകരണം

ക്രിസ്തുവിനെ അറിയാത്ത ആയിരക്കണക്കിന് ഗ്രാമങ്ങൾ ഭാരതത്തിലുണ്ട്. എണ്ണമറ്റ മതവിഭാഗങ്ങളുള്ള സങ്കീർണ്ണമായ ഒരു വ്യവസ്ഥിതിയാണ് ഭാരതത്തിൽ നിലനിൽക്കുന്നത്. മത പരിവർത്തനമല്ല ഭാരത സുവിശേഷീകരണം എന്നതുകൊണ്ടർത്ഥമാക്കുന്നത്. പ്രത്യുത മതപരിവർത്തനത്തേക്കാൾ മനുഷ്യന്റെ മനഃപരിവർത്തനമാണ് ആവശ്യം.

2. സഭാംഗങ്ങളുടെ ആത്മീയ ഉണർവ്

മാനസിക സംഘർഷങ്ങളിൽ നിന്ന് വിടുതൽ നേടുവാനും നിഷ്ക്രിയത്വത്തിൽ നിന്ന് മനുഷ്യനെ വിടുവിക്കുവാനും ദൈവോന്മുഖമായി ജീവിക്കുവാനും ഇത് ലക്ഷ്യമിടുന്നു.

3. ബാല - യുവജനങ്ങളെ ക്രിസ്തുവിനായി നേടുക

ഭാവി ഭാഗധേയം ഭാഗ്യന്തരേണ നിർവഹിക്കേണ്ടവരാണ് വളരുന്ന തലമുറ. യൗവനത്തിന്റെ ശക്തിയും ചൈതന്യവും ക്രിയാത്മകമായി തിരിച്ചു വിടുവാനും ദൈവമുള്ളവരായി, സഭയോടു ഭക്തിയും സ്നേഹവും ഉള്ളവരായി തീരുവാനും അവരെ പ്രാപ്തരാക്കുക എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

4. അടിയന്തിര ദുരിതാശ്വാസ പ്രവർത്തനങ്ങൾ

പ്രകൃതി ക്ഷോഭങ്ങളിലും കാലവർഷക്കെടുതികളിലും അകപ്പെടുന്നവർക്ക് ആശ്വാസമെത്തിക്കുക. അനാഥ കുട്ടികളെയും വൃദ്ധ ജനങ്ങളെയും പുനരധിവസിപ്പിക്കുക തുടങ്ങിയവയും ഞങ്ങൾ ലക്ഷ്യമിടുന്നു.

ഇടവക തലത്തിലെ പ്രവർത്തനങ്ങൾ

പാട്ടുകളുടെ ആശയം വിശദീകരിച്ചു കൊണ്ട് സംഗീതോപകരണങ്ങളുടെ അകമ്പടിയോടെ സുവിശേഷ ഗാനങ്ങളും, ആരാധനാ ഗീതങ്ങളും അടങ്ങിയ ഗാനശുശ്രൂഷ, ദൈവ വചനത്തിന്റെ മർമ്മങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള വചന പ്രഘോഷണം, സഭയുടെ സത്യവിശ്വാസങ്ങൾ വിശദീകരിക്കുന്ന ക്ലാസുകൾ, മാതൃകാ കുടുംബ ജീവിതം നയിക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളടങ്ങിയ കുടുംബ സംഗമം, ക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ചും, സാമൂഹിക തിന്മകൾ, വർഗീയത, മദ്യപാനം, മയക്കുമരുന്ന്, ദാരിദ്ര്യം ഇവയ്ക്കെതിരേയുള്ള പ്രബോധനങ്ങളടങ്ങിയ പരസ്യ സുവിശേഷ യോഗം, ഭവന സന്ദർശനം, മദ്ധ്യസ്ഥ പ്രാർത്ഥന, സമർപ്പണ പ്രാർത്ഥന, കൗൺസലിംഗ് എന്നിവയാണ് ഇടവക തലത്തിലുള്ള ശുശ്രൂഷകളിൽ ക്രമീകരിച്ചിരിക്കുന്നത്. വൈദികരും, ശെമ്മാശൻമാരും സുവിശേഷകരും ഇടവകയിൽ മൂന്ന് ദിവസം താമസിച്ചുകൊണ്ട് ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു.

ശുശ്രൂഷകൾക്ക് ബന്ധപ്പെടേണ്ട വിലാസം

ഡയറക്ടർ/ കൺവീനർ
സ്നേഹസന്ദേശം
സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്റർ
തട്ടാരമ്പലം പി. ഒ., മാവേലിക്കര - 3
ഫോൺ: 0479-2302473
Mob: 98470 - 29071



Lovely Abraham Ranny — Aby Samuel, Thonniyamala — Jacob G. Thayyil Karipuzha — Aleyamma Varghese Pampady

രോഗശാന്തിക്ക്



Prasad, Jolly Alen & Alben Paranthal — Betsy & Ani — P. J. Ittykunju & Family, Thottackad






ചങ്ങനാശ്ശേരി തെങ്ങണ ഗുഡ്ഷെപ്പേർഡ് സ്ക്കൂളിൽ നടന്ന മേഖലാ കോൺഫ്രൻസിൽ എം.ജി.ഒ.സി.എസ്.എം. വാരാഘോഷം ഫാ. ടി. ജെ. ജോഷ്വാ ഉദ്ഘാടനം ചെയ്യുന്നു.




ഗുഡ്ഷെപ്പേർഡ് സ്ക്കൂളിന്റെ പഞ്ചദശി (15-ാം) വാർഷീക ആഘോഷങ്ങളുടെ ഭാഗമായി തുടങ്ങിയ "പഠന വൈകല്യ വാരണ പദ്ധതി" സി.ബി.എസ്.ഇ. ഡെ. സെക്രട്ടറി എൻ. നാഗരാജ്യ ഉദ്ഘാടനം ചെയ്യുന്നു.

ചെയർമാൻ ഫാ. പ്രൊഫ. കെ. വി. പൗലൂസ്, വിദ്യാർത്ഥി പ്രസ്ഥാനം ജന. സെക്രട്ടറി ഫാ. ഡോ. എം. സി. ചെറിയാൻ മേഖലാ സെക്രട്ടറി ജേക്കബ് സഖറിയ, മാനേജർ ബേബി ഫിലിപ്പ്, പ്രിൻസിപ്പൽ പ്രൊഫ. പി. സി. ഏലിയാസ്, സീനിയർ വൈസ് പ്രിൻസിപ്പൽ പ്രൊഫ. സഖറിയ ദാനിയേൽ, പി. റ്റി. എ. പ്രസിഡന്റ് ഡോ. വി. കെ. രാധാകൃഷ്ണൻ, സെക്രട്ടറി ആഷാ നായർ, ഹെഡ്ഗേൾ പ്രിൻസി യോഹന്നാൻ എന്നിവരെയും കാണാം.

ഡോ. വി. കെ. രാധാകൃഷ്ണന്റെ മേൽനോട്ടത്തിൽ കൗൺസിലിംഗ് വിഭാഗത്തിൽ ജെസ്സി എഫ്രേം, ആഷാ ഫിലിപ്പ് എന്നിവർ സേവനമനുഷ്ഠിക്കുന്നു. വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും, മാതാപിതാക്കൾക്കുമായുള്ള പ്രത്യേക മാർഗ്ഗ നിർദ്ദേശ പരിപാടികൾക്ക് ഡോ. വർഗീസ് പുന്നൂസ്, ഡോ. അനിൽ കുമാർ ഡോ. ടി. ടി. ജോസഫ്, പ്രൊഫ. പി. കെ. കുര്യൻ, പ്രൊഫ. മേരി കുര്യൻ എന്നിവർ നയിച്ചു.

*Licence No. 475, 11th April 1946. Registered No.KL/CR/KTM/ 236/2003-05*

**THE MALANKARA SABHA**, CATHOLICATE OFFICE, KOTTAYAM-686 038

# പ. ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവാ

## 27-ാം ഓർമ്മപ്പെരുനാൾ

## 8-12-2003



പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ

*Inserted by:-*

**മാർ ബസേലിയോസ് ഔഗേൻ**

**പബ്ലിക് സ്ക്കൂൾ, കോടനാട്**

PRINTED AND PUBLISHED BY FR. T.A. EDAYADI FOR ORTHODOX VISWASA PARIPALANA SAMITHY, KOTTAYAM.
PRINTED AT GRAPHICS & CO., MALLAPPALLY. 0469-2784163, 2785522 FOR CATHOLICATE PRESS KOTTAYAM-38; CHIEF EDITOR FR. DR. JOHN PANICKER. RS. 7/-